കേരളകൗമുദി
വാരാന്ത്യ
കൗമുദി
2015 ഒക്ടോബർ 18 ഞായർ



*മാർഗി സതി*
*ഫോട്ടോ : സുഭാഷ് കുമാരപുരം*

# ലളിതം സുന്ദരം

**കളിവിളക്കിന് മുന്നിൽ വേഷം കെട്ടി ആടുമ്പോൾ മനസിൽ നിറയുന്നത് കടന്നു വന്ന ചുവടുകളാണ്. ഉള്ളിന്റെയുള്ളിൽ അലിഞ്ഞുചേർന്നതാണ് കലയും കലാമണ്ഡലവും. കൂടിയാട്ടം, നങ്ങ്യാർകൂത്ത് വേദിയിൽ 40 വർഷത്തെ യാത്ര. ഓർമ്മകളുമായി ഒരേയൊരു മാർഗി സതി...**

രൂപശ്രീ ഐ.വി

കരമനയാറിൽ മഴ പെയ്തു തുടങ്ങി. മാർഗി സതിയുടെ മനസിൽ ചായം തേയ്ക്കാത്ത ഓർമ്മകളുടെ മഴ. പറയാനേറെയുണ്ട് അവർക്ക്. വേദിയിലും ജീവിതത്തിലും ആടിത്തീർത്ത വേഷങ്ങൾ, കളിവിളക്കിന്റെ പൊൻവെളിച്ചത്തിൽ അടക്കിപ്പിടിച്ച നൊമ്പരങ്ങൾ...

നന്നേ ചെറുപ്പത്തിലേ കൂടിയാട്ടം കൂടെയുണ്ട്. കൂടിയാട്ട അരങ്ങുകളിലെ സ്ഥിരം പെൺവേഷക്കാരി. സ്ത്രീകൾ സ്വയം പാടി അഭിനയിക്കുന്ന നങ്ങ്യാർകൂത്തിലും തിളങ്ങി. ചായക്കൂട്ടുകളുടെയും ഉടുത്തുകെട്ടിന്റെയും വഴിയിൽ നീണ്ട 40 വർഷങ്ങൾ. അവരുടെ അനുഭവങ്ങൾ, ഓർമ്മകൾ...

**കൂടിയാട്ടത്തിന്റെ തുടക്കം?**

കലാമണ്ഡലത്തിന്റെ തൊട്ടടുത്തായിരുന്നു വീട്. കൊട്ടും പാട്ടും എന്നും കാതിലുണ്ടായിരുന്നു. അവിടെച്ചെന്ന് പുലരും വരെ കളികൾ കണ്ട് നല്ല പരിചയവും. വീട്ടിൽ എല്ലാവർക്കും കലയോട് താത്പര്യം. അമ്മൂമ്മ വലിയ കഥകളി പ്രേമി, അമ്മയുടെ അമ്മാവൻ നെല്ലിയോട് വാസുദേവൻ നമ്പൂതിരി കഥകളിക്കാരനായിരുന്നു. പത്താം വയസിൽ കലാമണ്ഡലത്തിലെത്തി. പ്രവേശനം കിട്ടാൻ പതിമ്മൂന്ന് വയസുവേണം. സ്കൂളിൽ വയസ് കൂട്ടി കാണിച്ചു. ഞാനും ചേച്ചിയും ഒന്നിച്ചാണ് കൂടിയാട്ടം പഠിച്ചത്. അന്ന് കൂടിയാട്ടം എന്താണെന്ന് അറിയില്ല. 1976- ലായിരുന്നു പഠനം തുടങ്ങിയത്. പഠിച്ച് തുടങ്ങിയപ്പോൾ വലിയ സ്നേഹം തോന്നി. പിന്നീട് ഒരിക്കലും അതിൽനിന്നും വിട്ടുപോകാൻ തോന്നിയില്ല.

**കലാമണ്ഡലത്തിൽ പഠിച്ച എട്ടുവർഷങ്ങൾ?**

രാവിലെ ആറുമണിക്ക് സാധകം തുടങ്ങും. ആൺകുട്ടികൾക്ക് അതിലും നേരത്തേ. മഴക്കാലത്ത് ഉഴിച്ചിലും മറ്റും ഉണ്ടാകും. ഇന്ന് ഭാരതപ്പുഴയുടെ തീരത്തുള്ള് നിള കാമ്പസിലായിരുന്നു പഠനം. കൂടിയാട്ടം മാത്രമായിരുന്നു അന്നവിടെ പഠിപ്പിച്ചത്. ആശാൻ തയ്യാറായി വന്നുകഴിഞ്ഞാൽ കളരി തുടങ്ങും. കണ്ണ് സാധകം, നവരസങ്ങൾ, മുദ്രകൾ അങ്ങനെ വിവിധ ഘട്ടങ്ങളിലായി പഠനം തുടങ്ങുകയായി. ഉച്ചവരെ അത് നീളും. അതുകഴിഞ്ഞ് സാഹിത്യ ക്ലാസുകൾ. അതില്ലാത്ത ദിവസങ്ങളിൽ മോഹിനിയാട്ടത്തിന്റെയും ഭരതനാട്യത്തിന്റെയും ക്ലാസുകളിൽ കയറും.

**വഴി കാണിച്ചുതന്ന വലിയ ഗുരുക്കൻമാർ?**

നാട്യകലാസാർവഭൗമൻ പൈങ്കുളം രാമചാക്യാരായിരുന്നു ആദ്യ ഗുരു. കൂടിയാട്ടം എന്ന കലാരൂപം ചാക്യാർ, നമ്പ്യാർ സമുദായങ്ങളുടെ മാത്രം കുലത്തൊഴിലായിരുന്നു. മറ്റുള്ളവരിലേക്കുകൂടി അത് എത്തിക്കാൻ പ്രയത്നിച്ച വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ കലാമണ്ഡലത്തിലെ ആദ്യത്തെ ശിഷ്യന്മാരായിരുന്ന പത്മശ്രീ കലാമണ്ഡലം ശിവൻ നമ്പൂതിരിയും കലാമണ്ഡലം രാമചാക്യാരും. ഇവർ രണ്ടുപേരും അദ്ധ്യാപകരായ വർഷമായിരുന്നു ഞാനവിടെ പഠിക്കാൻ ചേരുന്നത്. ചാക്യാരാശാന്റെ (പൈങ്കുളം രാമചാക്യാർ) മേൽനോട്ടത്തിൽ ഇവരായിരുന്നു എന്നെ പഠിപ്പിച്ചത്. നാലു വർഷമായിരുന്നു കൂടിയാട്ട പഠനം. അതിനുശേഷം രണ്ടു വർഷം ഞാൻ പോസ്റ്റ് ഗ്രാജ്വേഷനും കലാമണ്ഡലത്തിൽ തന്നെ ചെയ്തു. പിന്നീടുള്ള പഠനം അമ്മന്നൂർ മാധവചാക്യാരുടെയടുത്ത്. പിന്നീട് കേന്ദ്ര സ്കോളർഷിപ്പോടു കൂടി കലാമണ്ഡലത്തിൽ തുടർന്നപ്പോൾ പഠിപ്പിച്ചത് വിസിറ്റിംഗ് പ്രൊഫസറായിരുന്ന മാണിമാധവചാക്യാരായിരുന്നു. സംസ്കൃത പഠനം, മിഴാവ് ഗുരുവായ പി.കെ. നാരായണൻ നമ്പ്യാരുടെ കീഴിലായിരുന്നു. പൈങ്കുളം രാമചാക്യാരും പി.കെ.നാരായണൻ നമ്പ്യാരുമായിരുന്നു കൂടിയാട്ടത്തിന് ഇന്നു കാണുന്ന രീതിയിൽ ഒരു മുഖം കൊടുത്തത്.

**കൂടിയാട്ടത്തിൽ നിന്ന് നങ്ങ്യാർകൂത്തിലെത്തിയത്?**

കൂടിയാട്ടത്തിന്റെ കുടുംബത്തിൽ പെടുന്നതും സ്ത്രീകൾ മാത്രം ചെയ്തിരുന്നതുമായ കലാരൂപമാണിത്. കൂടിയാട്ടത്തിൽ പൂർവകഥാ വിവരണം (നിർവഹണം) എന്നൊരു ഘട്ടമുണ്ട്. അതിൽ നാടകത്തിനു മുമ്പുള്ള കഥകൾ പറയും. ഇങ്ങനെ നിർവഹണ രൂപത്തിലുള്ള കഥാവതരണമാണ് നങ്ങ്യാർകൂത്ത്. കലാമണ്ഡലത്തിൽ പഠിക്കുന്ന കാലത്ത് നങ്ങ്യാർകൂത്തിന് വലിയ പ്രചാരമില്ലായിരുന്നു. 1987ൽ വിവാഹം കഴിഞ്ഞ് തിരുവനന്തപുരത്തെത്തിയപ്പോഴാണ് നങ്ങ്യാർകൂത്തിലേക്ക് വരുന്നത്. 1988ൽ മാർഗിയിലെത്തി. മാർഗി സ്ഥാപകൻ ഡി. അപ്പുക്കുട്ടൻനായർ സാറായിരുന്നു നങ്ങ്യാർകൂത്ത് ചെയ്യാനായി പ്രോത്സാഹിപ്പിച്ചത്. അന്ന് ഒരുപാട് സംശയങ്ങളുണ്ടായിരുന്നു. പല മുദ്രകളും ഞാൻ ഒറ്റയ്ക്ക് മനസിലാക്കാൻ ശ്രമിച്ചു. ഗുരുക്കന്മാരെ നിരന്തരം സമീപിച്ചു. മാർഗിയിൽ ഏകലവ്യന്റെ അവസ്ഥയായി. പിന്നീട് രംഗാവതരണങ്ങൾ തുടങ്ങി. കൂട്ടത്തിലും ശ്രീകൃഷ്ണലീലകളായിരുന്നു അന്ന് ചെയ്തിരുന്നത്.

**എന്തൊക്കെ പരീക്ഷണങ്ങൾ ?**

കലാരൂപങ്ങളുടെ നിയമങ്ങളിൽ നിന്നും വ്യതിചലിച്ചായിരുന്നില്ല പരീക്ഷണങ്ങൾ. ഒരുതവണ ആശ്ചര്യചൂഡാമണി നങ്ങ്യാർകൂത്തായി അവതരിപ്പിച്ചു. അതിൽ പറയുന്നത് രാമായണ കഥയാണ്. രാമന്റെ കഥ പറയുമ്പോഴും സീതയുടെ മനസ് ആരും കണ്ടില്ല, സീതയുടെ കാഴ്ചപ്പാടിലുള്ള രാമായണം 'ശ്രീരാമചരിതം' എന്ന പേരിൽ ഞാൻ ചിട്ടപ്പെടുത്തി. അതിനുശേഷമായിരുന്നു 'കണ്ണകി' ചരിതം ചെയ്യുന്നത്. ചിലപ്പതികാരം പോലുള്ള ഒരു തമിഴ് കാവ്യം ആട്ടപ്രകാരമാക്കി (നങ്ങ്യാർകൂത്ത് കഥ) മാറ്റുന്നതിൽ പ്രശ്നമുണ്ടായിരുന്നു. കൂടിയാട്ട നിയമങ്ങളെ ബാധിക്കാതെ സംസ്കൃതത്തിൽ തന്നെ ആ കഥ പറയണമെന്നെനിക്ക് നിർബന്ധമുണ്ടായിരുന്നു. പിന്നീട് 'സീതായനം' എന്ന പേരിൽ സീതയുടെ ജീവിതത്തിലെ മൂന്നു ഘട്ടങ്ങൾ രംഗത്തവതരിപ്പിച്ചു. കഴിഞ്ഞ ഫെബ്രുവരിയിൽ എന്റെ ഒരു വിദ്യാർത്ഥി പറഞ്ഞതനുസരിച്ച് ജാപ്പനീസ് പുരാണകഥ അവതരിപ്പിച്ചു. കഴിഞ്ഞ മാസം വള്ളത്തോളിന്റെ 'ശിഷ്യനും മകനും' നങ്ങ്യാർകൂത്തായി ചെയ്തിരുന്നു.

**പുതിയ തലമുറയുടെ കാഴ്ചപ്പാട്?**

പഠിക്കാൻ ഇവിടെ എത്തുന്ന കുട്ടികൾക്ക് പലപ്പോഴും കലാരൂപങ്ങളെക്കുറിച്ച് അറിവുണ്ടാകണമെന്നില്ല. കലാമണ്ഡലം പോലൊരു സ്ഥാപനം എന്ന ഒരൊറ്റക്കാര്യം കൊണ്ടുമാത്രമാണവർ വരുന്നത്. പലരും നൃത്തത്തിന് സീറ്റ് കിട്ടാതെ വരുമ്പോഴാണ് കൂടിയാട്ടം പോലുള്ള കലാരൂപങ്ങൾ തിരഞ്ഞെടുക്കുന്നത്. അവർ ഇത് പഠിച്ചാലുള്ള നേട്ടമായിരിക്കും ചിന്തിക്കുന്നത്. ഇത് വേദികൾ കലാകാരന്മാരെ തേടിയെത്തുന്ന കാലമാണ്. അവനവന്റെ കഴിവ് മറ്റുള്ളവരെ വിളിച്ചറിയിക്കാൻ അവർക്ക് മടിയില്ല. വർഷങ്ങൾക്കു മുൻപ് 'രംഗപ്രഭാതം' എന്ന കുട്ടികളുടെ നാടകക്കളരിയിൽ ഒരു പരിപാടി അവതരിപ്പിച്ചു. അവിടത്തെ കാണികളായ കുട്ടികളെ കണ്ട് ആദ്യം എനിക്കൊരു അങ്കലാപ്പായിരുന്നു. കൃഷ്ണന്റെ ബാലലീലകളായിരുന്നു അന്ന് ചെയ്തത്. കുട്ടികളുടെ പ്രതികരണം എന്നെ ഞെട്ടിച്ചു കളഞ്ഞു. കഥ പറയുംമുമ്പേ അവർ കാര്യങ്ങൾ മനസിലാക്കി. ബാലലീലകൾ കണ്ട് അവർ പൊട്ടിച്ചിരിച്ചു. കഥയറിഞ്ഞാൽ ആസ്വദിക്കാൻ കഴിയുന്ന കലാരൂപങ്ങളാണിവ.

**ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള ആസ്വാദകരെക്കുറിച്ച്?**

ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിലെ ആസ്വാദകർക്ക് ഇത്തരം കലാരൂപങ്ങളോടുള്ള മനോഭാവത്തെപറ്റി പറഞ്ഞാൽ ചിലപ്പോ അത് പലരെയും ചൊടിപ്പിച്ചേക്കാം. ഇവിടത്തെ ആസ്വാദകർ പലപ്പോഴും എന്നെ നിരാശപ്പെടുത്തിയിട്ടുണ്ട്. ഏത് കലാരൂപമാണെങ്കിലും രംഗാവതരണം നടക്കുമ്പോൾ ആ കലാകാരന്റെയോ കലാകാരിയുടെയോ മാനസികാവസ്ഥ മനസിലാക്കാതെ അവരുടെ ഏകാഗ്രത തടസപ്പെടുത്തുന്ന രീതിയിലുള്ള പല പ്രതികരണങ്ങളും കണ്ടിട്ടുണ്ട്. പരിപാടിക്കിടയിൽ സംസാരിക്കുക, കഴിച്ചുകൊണ്ടിരിക്കുക, ഫോണിൽ സംസാരിക്കുക, ഇടയിൽ നിന്ന് എണീറ്റ് പോവുക ഒക്കെ പതിവാണിവിടെ. വിദേശത്താണെങ്കിൽ രംഗാവതരണം കാണികളിലേക്ക് വ്യക്തമായി എത്തിക്കാനുള്ള സജ്ജീകരണങ്ങൾ അവിടെയുണ്ടാവും. കാണികൾക്കുള്ള നിർദ്ദേശങ്ങളും കർശനമായിരിക്കും.

**യു.എൻ ആസ്ഥാനത്തെ രംഗാവതരണത്തെപ്പറ്റി?**

കലാമണ്ഡലത്തിൽ നിന്ന് ആദ്യമായി പോയ വിദേശയാത്രയുടെ ഭാഗമാകാൻ കഴിഞ്ഞു എനിക്ക്. അതായിരുന്നു ഇന്ത്യയ്ക്കു പുറത്തുള്ള ആദ്യത്തെ അനുഭവം. പിന്നീട് മാർഗിയിലെത്തിയപ്പോൾ 1999 ലായിരുന്നു പാരീസിലേക്ക് ക്ഷണം ലഭിക്കുന്നത്. യുനെസ്കോയുടെ പ്രതിനിധികളുള്ള വലിയ സദസ്, ജീവിതത്തിൽ ഒരിക്കലും പ്രതീക്ഷിക്കാത്ത അവസരം, ലോകരാജ്യങ്ങളുടെ പ്രതിനിധികൾ... എല്ലാം ഞങ്ങളെ സംബന്ധിച്ച് വളരെ കൗതുകകരമായിരുന്നു. യു.എന്നിന്റെ വിശിഷ്ടാതിഥികളായാണ് ഞങ്ങളെ അവർ സ്വീകരിച്ചത്. ജീവിതത്തിൽ ഏറ്റവും അഭിമാനം തോന്നിയ നിമിഷമായിരുന്നു അത്. എന്റെ കലാജീവിതത്തിലെ വലിയ അംഗീകാരം.

**എന്നും ഓർക്കുന്ന വേദികൾ?**

മുമ്പ് ആശ്ചര്യചൂഡാമണി അവതരിപ്പിച്ചപ്പോൾ ലഭിച്ച പ്രതികരണം ഒരിക്കലും മറക്കില്ല. അവസാനത്തെ ഭാഗമായ അഗ്നിപ്രവേശാങ്കം കഴിഞ്ഞപ്പോൾ കാണികളിൽ പലരും വന്നു പറഞ്ഞു സീതയെ ഞങ്ങൾ നേരിട്ടു കണ്ടു എന്ന്. പ്രേക്ഷകരുടെ വാക്കുകളാണ് ഏറ്റവും വലിയ അംഗീകാരം. അതുപോലെ 'മത്തവിലാസം' വേദിയിൽ അവതരിപ്പിച്ചപ്പോൾ അതിലെ മദ്യപാനിയായ നായികയെയും നായകനെയും അവതരിപ്പിച്ചതിന് ലഭിച്ച പ്രോത്സാഹനം വളരെ വലുതായിരുന്നു. മദ്യപിക്കുന്ന പലരും നേരിട്ടു വന്ന് എന്നോട് ചോദിച്ചു, മദ്യപിക്കാതെ സതി എങ്ങനെ ഇത്രയും കിക്ക് ആയെന്ന്.

**കലാരംഗത്ത് പഠനച്ചെലവ് കൂടുതലല്ലേ?**

കലാമണ്ഡലത്തിൽ കാര്യമായ ചെലവില്ല. പ്രവേശനസമയത്ത് ചെറിയ ഫീസുണ്ട്. മാസംതോറും സ്റ്റൈപ്പെൻഡ് കിട്ടും. കലോത്സവങ്ങൾക്ക് പഠിക്കുമ്പോൾ പണച്ചെലവ് വരും, പല കലാകാരന്മാരുടെയും വരുമാനമാണത്. കൂടിയാട്ടത്തിന്റെ ഒരു സെറ്റ് വേഷവിതാനത്തിനു തന്നെ ഏതാണ്ട് ഒന്നരലക്ഷത്തോളം ചെലവു വരും. കാശില്ലാതെ പഠിപ്പിക്കാൻ നിവൃത്തിയുണ്ടാവില്ല. എന്റെ ഇത്രയും വർഷത്തെ കലാജീവിതത്തിൽ ഒരിക്കൽ പോലും ഒരു കുട്ടിയുടെ കൈയിൽ നിന്നും ഫീസ് വാങ്ങിയിട്ടില്ല.

**കലോത്സവങ്ങൾ കലകളെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ?**

എനിക്ക് വ്യക്തിപരമായി അങ്ങനെ ഒരഭിപ്രായമില്ല. പക്ഷേ ചെറുപ്പക്കാർക്ക് ഇത്തരം കലാരൂപങ്ങളെക്കുറിച്ച് മിനിമം അറിവ് ലഭിക്കുന്നു. ഒരിക്കലും ആരോഗ്യകരമായ മത്സരങ്ങൾ നടക്കുന്ന ഇടങ്ങളല്ല കലോത്സവവേദികൾ. കൈയിൽ കാശുള്ളവർ മുന്നോട്ടുവരുന്നു എന്നു മാത്രം.

**നടിയായപ്പോൾ?**

നോട്ടം, ഏകാന്തം, ദൃഷ്ടാന്തം, രാമാനം, ഇവൻമേഘരൂപൻ, ജയറാമിനൊത്ത് സ്വപാനം തുടങ്ങി കുറച്ച് ആർട്ട് സിനിമകളുടെ ഭാഗമായി. അടുത്തു പരിചയമുള്ളവരുടെ നിർബന്ധം കൊണ്ടുമാത്രമാണ് അഭിനയിച്ചത്. നല്ലത് ഞങ്ങളുടെ കൂടിയാട്ടം തന്നെയാ. രണ്ടോ മൂന്നോ മിനിട്ടിന്റെ അഭിനയത്തിനായി രാവിലെ മുതൽ മേക്കപ്പ് ചെയ്ത് നിൽക്കേണ്ടിവന്നിട്ടുണ്ട്. സിനിമ സംവിധായകന്റെ കലയാണ്. അവിടെ സംവിധായകന്റെ മനഃസംതൃപ്തിക്കാണ് പ്രാധാന്യം. കലയുടെ പൂർണമായ അവതരണം അവിടെ വേണ്ട. പുതിയ ഒരു മേഖല കൂടി പരിചയപ്പെട്ടു എന്ന സന്തോഷം.

**40 വർഷം. സ്ത്രീയായതു കൊണ്ട് നേരിട്ട വെല്ലുവിളികൾ?**

സ്ത്രീകൾ വാതിലിന്റെ മറവിൽ നിന്നിരുന്ന കാലംമുതൽക്കേ കൂടിയാട്ടത്തിൽ പെൺവേഷം കെട്ടുന്നത് സ്ത്രീകൾ തന്നെയാണ്. നടീസ്ഥാനം നിർവഹിക്കുന്ന നങ്ങ്യാരമ്മമാർക്ക് (നമ്പ്യാർ സമുദായത്തിലെ സ്ത്രീകൾ) സോപാനത്തിലെ മണിയടിച്ച് തൊഴാൻ പോലും സ്വാതന്ത്ര്യമുണ്ടായിരുന്നു. വെല്ലുവിളികളല്ല, എനിക്ക് ലഭിച്ചതെല്ലാം അംഗീകാരങ്ങൾ മാത്രമാണ്.

**പുരസ്കാരങ്ങളെക്കുറിച്ച്?**

അംഗീകാരങ്ങൾ ഉത്തരവാദിത്വം കൂട്ടും. പക്ഷേ അർഹിക്കുന്ന അംഗീകാരങ്ങൾ നൽകേണ്ട സമയത്ത് നൽകാൻ ബന്ധപ്പെട്ടവർ ശ്രദ്ധിച്ചാൽ നല്ലത്. കലയ്ക്കുവേണ്ടി ജീവിതം തന്നെ മാറ്റിവച്ച കലാകാരന്മാർക്ക് നാം എന്ത് നൽകി എന്ന് വല്ലപ്പോഴും ഓർക്കുന്നതും നന്നായിരിക്കും. ഒരിക്കലും ഞാൻ അവാർഡുകളെത്തേടിപ്പോയിട്ടില്ല.

**കലാമണ്ഡലം സതി മാർഗി സതിയായപ്പോൾ?**

കലാമണ്ഡലം സതിയായി പുറത്തിറങ്ങിയ എനിക്ക് ജീവിതമാർഗം തന്നത് മാർഗി എന്ന സ്ഥാപനമാണ്. കൂടുതൽ അരങ്ങുകൾ ലഭിച്ചുതുടങ്ങിയത് മാർഗിയിൽ വന്നതിനുശേഷമാണ്. മാർഗിയിലെ പ്രധാന കലാകാരിയായി മാറി ഞാൻ. മാർഗിയുടെ അരങ്ങിലൂടെയാണ് ഉയർന്നുവന്നതെങ്കിലും എന്റെ അടിസ്ഥാനം കലാമണ്ഡലം തന്നെയാണ്.

**വലിയ മോഹമായിരുന്നോ രംഗശ്രീ ?**

ഭർത്താവ് എൻ. സുബ്രഹ്മണ്യൻ പോറ്റിയുടെ വലിയ ആഗ്രഹമായിരുന്ന 'രംഗശ്രീ. വളർന്നുവരുന്ന കൂടിയാട്ടം കലാകാരെ പ്രോത്സാഹിപ്പിക്കുന്ന വേദി. ഏറ്റവുമധികം യുവകലാകാരികൾ പരിപാടി അവതരിപ്പിച്ചു എന്നാണ് ഇതിന്റെ പ്രത്യേകത. മകൾ രേവതി വിവാഹിതയായി തിരുവല്ലയിലാണ്, അവിടെ അമൃത സ്കൂളിൽ അദ്ധ്യാപിക. മോൾ നങ്ങ്യാർകൂത്തും കൂടിയാട്ടവും ചെയ്യാറുണ്ട്. മരുമകൻ സുബ്രഹ്മണ്യൻ നമ്പൂതിരി. പേരക്കുട്ടി ചേതൻ മാധവ്. മകൻ ദേവനാരായണൻ പട്ടാമ്പി സംസ്കൃതകോളേജിൽ രണ്ടാം വർഷ ഡിഗ്രി വിദ്യാർത്ഥി. അച്ഛനെ പോലെ നന്നായി ഇടയ്ക്ക വായിക്കും.



അരങ്ങിൽമാർഗിസതി

ഇ.വി. ശ്രീധരൻ


സ്വെറ്റ്‌ലാനഅലക്‌സിവിച്ച്


ഗിയോക്കൊണ്ട ബെല്ലി

# സത്യത്തിന്റെ ഫിക്ഷൻ

**കഥേതര സാഹിത്യ രൂപത്തിനുള്ള അംഗീകാരമാണ് സ്വെറ്റ്‌ലാന അലക്സിവിച്ചിന് ലഭിച്ച ഈ വർഷത്തെ നോബൽ സമ്മാനം. ആത്മകഥകളും ഓർമ്മക്കുറിപ്പുകളും യാത്രാ വിവരണങ്ങളുമൊക്കെ സാഹിത്യകൃതികളുടെ നിലവാരത്തിലേക്കുയരുന്ന ഒരു സാഹിത്യ യുഗമാണിന്ന് ലോക സാഹിത്യത്തിൽ**

ചെറുകാടിന്റെ ആത്മകഥയായ 'ജീവിതപ്പാത'യും മഹാകവി പി. കുഞ്ഞിരാമൻനായരുടെ 'കവിയുടെ കാല്പാടുകൾ' എന്ന ആത്മകഥയും സർഗാത്മക കൃതികളുടെ തലത്തിലേക്കുയർന്ന രണ്ട് ഹൃദയഹാരികളായ മലയാള കൃതികളാണ്. സാഹിത്യകൃതികളായിത്തീർന്ന ആത്മകഥകൾ. ഈ രണ്ട് ആത്മകഥകളും മനസിൽ തിരുകിക്കൊണ്ട് ഞാൻ ആലോചിക്കാറുണ്ട് ചങ്ങമ്പുഴയും ഇടപ്പള്ളിയും ആത്മകഥകളെഴുതിയില്ലല്ലോയെന്ന്. എഴുതിയിരുന്നെങ്കിൽ അവരുടെ ആത്മകഥകൾ മഹാകാവ്യങ്ങളായിരുന്നേനെ. പ്രത്യേകിച്ചും ചങ്ങമ്പുഴയുടെ ആത്മകഥ. വേദനയിൽ മുഴുകിയ ഒരാത്മകഥയായിരുന്നേനെ ചങ്ങമ്പുഴയുടേത്. വേദനയുടെയും തീരാദുഃഖങ്ങളുടെയും ഭ്രാന്തുപിടിപെട്ട കവിയായിരുന്നല്ലോ അദ്ദേഹം.


ആത്മകഥകളും ഓർമ്മക്കുറിപ്പുകളും യാത്രാവിവരണങ്ങളുമൊക്കെ സാഹിത്യകൃതികളുടെ നിലവാരത്തിലേക്കുയരുന്ന ഒരു സാഹിത്യയുഗമാണിന്ന് ലോക സാഹിത്യത്തിൽ. അമേരിക്കയിലെയും ഇംഗ്ളണ്ടിലെയും പല പ്രസാധകരും സൽമാൻ റുഷ്ദിയുടെ പിറകേ നടക്കുകയാണ പോലും അദ്ദേഹത്തിന്റെ ആത്മകഥയൊന്നെഴുതിക്കിട്ടാൻ വേണ്ടി. റുഷ്ദിയുടെ ഭാര്യമാരുടെ കഥകളിലേക്കും ഒളിവുജീവിതത്തിലേക്കുമാണ് പ്രസാധകരുടെ നോട്ടം. തീർച്ചയായും അതൊരു ബെസ്റ്റ് സെല്ലർ മെറ്റീരിയൽ തന്നെയായിരിക്കും. മലയാളത്തിലെ മാധവിക്കുട്ടിയുടെ ആത്മകഥ ഇംഗ്ളീഷിലായിരുന്നു എഴുതപ്പെട്ടിരുന്നതെങ്കിൽ ലോകം അറിയുന്ന ഒരു സാഹിത്യകൃതിയായിരുന്നേനെ. ജീവിതം വൈകാരികം മാത്രമാണെന്ന വിശ്വാസത്തിന്റെ കണ്ണാടിയായേനെ.

ലോകത്താകെ അറിയുന്ന നിക്കാരഗ്വയിലെ കവിയും നോവലിസ്റ്റും വിപ്ളവകാരിയുമാണ് ഗിയോക്കൊണ്ട ബെല്ലി. 'ദ ഇൻഹാബിറ്റഡ്‌വുമൺ' എന്ന ബെല്ലിയുടെ നോവൽ കാറ്റാടിയെപ്പോലെ ആകാശത്തേക്കു പറന്നു കയറിയ ഒരു ബെസ്റ്റ് സെല്ലർ ആണ്. നിക്കാരഗ്വൻ സാഹിത്യത്തിലെ ഒരു ക്ളാസിക് കൂടിയാണ് ഈ ബെസ്റ്റ് സെല്ലർ. കവിയെന്ന നിലയിലും ലാറ്റിനമേരിക്കൻ ഗറില്ലാ വിപ്ളവകാരിയെന്ന നിലയിലും ഗിയോക്കൊണ്ട ബെല്ലി ഒരു ഒന്നാം കിടക്കാരിയാണ്. എന്നാൽ സാഹിത്യലോകം ഇപ്പോൾ തലയിലേറ്റി നടക്കുന്നത് ഗിയോക്കൊണ്ട ബെല്ലിയുടെ ആത്മകഥയാണ്. 'ദ കൺട്രി അണ്ടർ മൈ സ്കിൻ' എന്ന ഗിയോക്കൊണ്ട ബെല്ലിയുടെ ആത്മകഥ ഈ എഴുത്തുകാരിയുടെ വിപ്ളവപ്രവർത്തനങ്ങളുടെ ത്രസിക്കുന്ന ശോണരേഖകളാണ്. ഞാനും എന്റെ രാജ്യവും ഒന്നാണ് എന്നാണ് 'The Country under My skin' എന്ന തലക്കെട്ടിന്റെ അർത്ഥം. ഇപ്പോൾ സാന്റമോണിക്കയിലും മാഗ്വയിലും ജീവിക്കുന്ന ഗിയോക്കൊണ്ട ബെല്ലി നിക്കാരഗ്വൻ സാഹിത്യത്തിന്റെയും സാന്റിനസ്റ്റ വിപ്ളവത്തിന്റെയും ലോക സ്വരമാണ്. ഈ ആത്മകഥ ഒരു നോവൽ പോലെയും മഹാകാവ്യം പോലെയും വായനക്കാരുടെ മനസിലേക്കരങ്ങേറുന്ന നാടകാന്തം കവിത്വമെന്ന ശൈലിയിൽ. കഴിഞ്ഞ കുറേ വർഷങ്ങൾക്കിടയിൽ ഞാൻ വായിച്ചിട്ടുള്ള ഏറ്റവും നല്ല ആത്മകഥ എന്നാണ് സൽമൻ റുഷ്ദി ഈ കൃതിയെ വിശേഷിപ്പിച്ചത്.

കഥാസാഹിത്യത്തെ ആത്മകഥാസാഹിത്യം ആക്രമിച്ചു കീഴടക്കുകയാണെന്നാരെങ്കിലും പറഞ്ഞാലും ആലോചിച്ചാലും ഒരുപാട് ശരിയുണ്ട്. കഥാസാഹിത്യം ആത്മകഥാ സാഹിത്യമായി മാറാൻ വെമ്പൽ കൊള്ളുകയാണ്. നോവലുകളുടെ രൂപവും ഭാവവും ഭാവിയും മാറുന്നുവെന്നുതന്നെയാണ് ഇപ്പറഞ്ഞതിനർത്ഥം. നോവലിലെ ഫിക്‌ഷനെ മറികടക്കുന്നു ഗിയോക്കൊണ്ട ബെല്ലിയുടെ ആത്മകഥയായ 'The Country Under My Skin' ലെ ഫിക്ഷൻ.

കഥേതര സാഹിത്യരൂപത്തിനുള്ള അംഗീകാരമായിട്ടാണ് സ്വെറ്റ്‌ലാന അലക്സീവിച്ച് എന്ന റഷ്യൻ എഴുത്തുകാരിക്ക് ലഭിച്ച ഇക്കൊല്ലത്തെ നൊബേൽ സമ്മാനം പൊതുവേ വിലയിരുത്തപ്പെടുന്നത്. നൊബേൽ സമ്മാനം കരസ്ഥമാക്കിയവരിൽ ലോകത്തെ എണ്ണപ്പെട്ട കവികളും നാടക കൃത്തുക്കളുമൊക്കെ ഉണ്ട്. എന്നാൽ നൊബേൽ സമ്മാനം നോവലുകൾക്കുവേണ്ടിയുള്ള ഒരു പുരസ്കാരമാണെന്ന പ്രതീതി ജനിപ്പിക്കുകയായിരുന്നു നൊബേൽ സമ്മാനത്തിന്റെ ചരിത്രം. ആ ചരിത്രത്തിൽ നിന്നും നൊബേൽ സമ്മാനം തെന്നിമാറുകയാവാം. ജേർണലിസത്തിലും അഭിമുഖ സംഭാഷണങ്ങളിലും നിലയുറപ്പിച്ചു ജീവിതസത്യം കണ്ടെത്തിയ എഴുത്തുകാരിയാണ് സ്വെറ്റ്‌ലാന അലക്സിവിച്ച്. ജീവിതസത്യത്തിന്റെ ഫിക്‌ഷൻ യഥാർത്ഥ ഫിക്‌ഷനെ മറികടക്കുകയായിരുന്നു സ്വെറ്റ്‌ലാനയുടെ പേനയിലൂടെ. ആ പേനയുടെ ഹൃദയവ്യാപാരത്തെയാണ് നോബൽ സമ്മാനം ഇപ്പോൾ ആദരിച്ചിരിക്കുന്നത്.

അടിസ്ഥാനപരമായി സ്വെറ്റ്‌ലാന ഒരു ജേർണലിസ്റ്റാണ്. ജേർണലിസത്തിന്റെ സങ്കേതങ്ങളിലൂടെ ഫിക്‌ഷന്റെ അത്ഭുതകരമായ ഒരു മേഖല സ്വെറ്റ്‌ലാന സ്വന്തമാക്കി. "നമ്മുടെ കാലത്തെ ധീരതയുടെയും സഹനത്തിന്റെയും സ്മാരകമാണ് സ്വെറ്റ്‌ലാനയുടെ കൃതികളെ'ന്നാണല്ലോ സ്വീഡിഷ് അക്കാഡമി വിലയിരുത്തിയിരിക്കുന്നത്. നൊബേൽ സമ്മാനം നേടുന്ന ആദ്യത്തെ ജേർണലിസ്റ്റാണ് സ്വെറ്റ്‌ലാന. മനുഷ്യസ്നേഹിയായ ഒരു ജീനിയസായിട്ടാണ് സ്വെറ്റ്‌ലാനയെ കരുതപ്പെടുന്നത്. ഇരുമ്പുകൊണ്ട് നിർമ്മിച്ച സോവിയറ്റ് റഷ്യയുടെ 'സോഷ്യലിസ്റ്റ് മുഖം' മാനവീയതയുടെ ആയുധം കൊണ്ട് അരിഞ്ഞെറിയാൻ രംഗത്തിറങ്ങിയ പോരാളികളിലൊരാളാണ് സ്വെറ്റ്‌ലാന അലക്സീവിച്ച്.




സ്വെറ്റ്ലാന അലക്സീവിച്ചിന്റെ ജീവചരിത്രം വിശദമായി ഇതുവരെയും നമ്മുടെ മുമ്പിലെത്തിയിട്ടില്ല. ഈ മഹതിയുടെ ജീവചരിത്രം പുറത്തുവരാനിരിക്കുന്നതേയുള്ളൂ. ഈ ജേർണലിസ്റ്റിന്റെ മഹനീയത സാഹിത്യ ചരിത്രത്തിൽ തുന്നിച്ചേർക്കാനിരിക്കുന്ന ഒന്നാണെന്ന കാര്യത്തിൽ സംശയമില്ല. സ്വെറ്റ്‌ലാനയുടെ ജീവചരിത്രം വായിച്ചിട്ടില്ലെങ്കിലും നമുക്കത് ഊഹിച്ചെടുക്കാൻ കഴിയും. ബെലറൂസ് എന്ന രാഷ്ട്രത്തെയാണ് സ്വെറ്റ്‌ലാന ഇന്ന് പ്രതിനിധീകരിക്കുന്നത്. ഒരു മുൻ സോവിയറ്റ് റഷ്യൻ റിപ്പബ്ളിക്കാണ് ബെലറുസ്. 1997-ലാണ് ബെലറുസ് സ്വതന്ത്ര രാഷ്ട്രമായിത്തീർന്നത്. സോവിയറ്റ് റഷ്യയുടെ ഭാഗമായിരുന്നപ്പോൾ ഇന്നത്തെ ബെലറുസിന്റെ പേര് ബ്യയിലോ റഷ്യ എന്നായിരുന്നു. ബ്യയിലോ റഷ്യൻ ആണ് ബെലറുസിലെ ഭാഷ. റഷ്യനും ബ്യയിലോ റഷ്യനും സ്വെറ്റ്‌ലാന ഒന്നുപോലെ കൈകാര്യം ചെയ്യും.

സ്വെറ്റ്‌ലാന ജേർണലിസ്റ്റിന്റെ പേന കൊണ്ട് ജീവിതദുഃഖങ്ങളും ദുരന്തങ്ങളും എഴുതുകയായിരുന്നു. കണ്ടതും അനുഭവിച്ചതും കേട്ടതുമായ ജീവിതം സ്വെറ്റ്‌ലാനയിൽ സത്യത്തിന്റെ ഫിക്‌ഷനായി മാറുകയായിരുന്നു. കഥയ്ക്ക് സത്യത്തിന്റെ വേറൊരു മുഖം ലഭിച്ചുകൊണ്ടിരിക്കുന്നു. ലോക സാഹിത്യത്തിലെ പുതിയൊരു പ്രവണത കൂടിയാണിത്. ഇതൊരു പുതിയ സാഹിത്യ സംഭവമായിത്തന്നെ കരുതണം. സ്വെറ്റ്‌ലാനയിലൂടെ ഈ സാഹിത്യ സംഭവത്തെ ലോകം അംഗീകരിച്ചിരിക്കുന്നു. ഗിയോക്കൊണ്ട ബെല്ലിയെപ്പോലുള്ള ജീനിയസുകൾ സ്വെറ്റ്‌ലാനയ്ക്കു പിന്നാലെ വരുന്നു.

---

തീർത്ഥയാത്ര

# മൂകാംബികയിലെ അക്ഷര പ്രസാദം

ദക്ഷിണേന്ത്യയിലെ പ്രശസ്തമായ സരസ്വതീക്ഷേത്രമാണ് കൊല്ലൂർ മൂകാംബിക. പശ്ചിമഘട്ടത്തിന്റെ ഭാഗമായ കുടജാദ്രിമലയുടെ താഴ്‌വാരത്തിൽ സൗപർണികയുടെ തീരത്താണ് ക്ഷേത്രം. ശ്രീകോവിലിലെ സ്വയംഭൂലിംഗം സ്വർണകവചം കൊണ്ട് മൂടിയിട്ടുണ്ട്. അതിനു പിന്നിലാണ് പത്മാസനത്തിലിരിക്കുന്ന ദേവീവിഗ്രഹം. കിഴക്കോട്ടാണ് ദർശനം. സ്വയംഭൂലിംഗത്തിൽ ഇടതുഭാഗത്ത് ലക്ഷ്മിയും സരസ്വതിയും പാർവതിയും. വലതുഭാഗത്ത് വിഷ്ണുവും ബ്രഹ്മാവും ശിവനും കുടികൊള്ളുന്നു. ഇവിടത്തെ പൂജാരിമാർ അഡിഗവിഭാഗക്കാരാണ്.

ദേവീവിഗ്രഹത്തിന്റെ കാതുകളിൽ ശ്രീചക്രവജ്ര കുണ്ഡലങ്ങളാണ്. കഴുത്തിൽ നിരവധി ആഭരണങ്ങൾ. ഇതിൽ മരതകക്കല്ലു പതിച്ച രത്നമാലയാണ് ഏറ്റവും ദിവ്യം. ഇതിന്റെ പ്രഭ ക്ഷേത്രദർശനത്തിനെത്തുന്നവരുടെ മേൽ പതിയുമെന്നും അതോടെ സർവ്വ ദുരിതങ്ങളും തീരുമെന്നാണ് വിശ്വാസം.

## ഐതിഹ്യം, മാഹാത്മ്യം

മൂകാംബിക ക്ഷേത്രോത്പത്തിയെപ്പറ്റി നിരവധി ഐതിഹ്യങ്ങളുണ്ട്. ശങ്കരാചാര്യരുമായി ബന്ധപ്പെട്ടതാണ് മുഖ്യം. ശങ്കരൻ താൻ ജനിച്ച വേരുനാട് ഗ്രാമത്തിൽ മൈസൂർ ചാമുണ്ഡിയെ കൊണ്ടുവന്ന് പ്രതിഷ്ഠിക്കണമെന്നു ആഗ്രഹിച്ചു. അതിനായി ധ്യാനിച്ചപ്പോൾ ദേവി സരസ്വതീ രൂപത്തിൽ പ്രത്യക്ഷയായി. തന്റെ ഗ്രാമത്തിലേക്ക് വരണമെന്ന ശങ്കരന്റെ അപേക്ഷ സ്വീകരിച്ചെങ്കിലും ഒരു വ്യവസ്ഥ മുന്നിൽ വച്ചു. മുന്നിൽ നടക്കും. ദേവി പിന്നാലെ വരും. ഒരിക്കലും തിരിഞ്ഞുനോക്കരുത്. ദേവിയുടെ ചിലമ്പിന്റെ ശബ്ദം കേട്ടുകൊണ്ട് ആചാര്യപാദർ മുന്നിൽ നടന്നു. ഏതാനും ദിവസം കഴിഞ്ഞപ്പോൾ ചിലമ്പിന്റെ ശബ്ദം കേൾക്കാതായി.

ശങ്കരൻ കുറെ നേരം അവിടെ നിന്നു. വീണ്ടും മുന്നോട്ടു നടന്നു. അപ്പോഴും ചിലമ്പിന്റെ നാദം കേൾക്കാതായപ്പോൾ അറിയാതെ തിരിഞ്ഞുനോക്കിപ്പോയി. വ്യവസ്ഥ ലംഘിക്കപ്പെട്ടതിനാൽ ദേവി ആ സ്ഥലത്ത് ഇരുന്നു. അവിടമാണ് മൂകാംബിക ക്ഷേത്രമായി മാറിയതെന്നാണ് വിശ്വാസം.

മൂകാംബികയിലെത്തുന്നവർ മൂലസ്ഥാനമായ കുടജാദ്രിയിലേക്ക് പോകും. കൊല്ലൂരിൽ നിന്ന് 28 കിലോമീറ്ററുണ്ട്. 'കുടജ' എന്ന ഔഷധസസ്യം വളരുന്ന സ്ഥലമായതുകൊണ്ടാണ് ആ മലയ്ക്ക് കുടജാദ്രിയെന്ന് പേരുകിട്ടിയത്. ഇവിടെ നിന്നാണ് സൗപർണികയുടെ ഉത്ഭവം.




## എത്തിച്ചേരാൻ

കർണ്ണാടകത്തിലെ ഉടുപ്പി ജില്ലയിലാണ് കൊല്ലൂർ. മംഗലാപുരത്തെത്തിയാൽ കൊല്ലൂരിലേക്ക് 137 കിലോമീറ്ററുണ്ട്. ദേശീയ പാതയിൽ 17ൽ കുന്ദാപുരത്തുനിന്ന് തിരിഞ്ഞ് 38 കിലോമീറ്റർ പോയാൽ കൊല്ലൂർ ക്ഷേത്രമായി.

**എം.വി**

---





# കൊഞ്ചലും കളിചിരിയും സമ്മാനിച്ച്

ചുനക്കര ജനാർദ്ദനൻ നായർ

'ഒരു വളപ്പൊട്ടുണ്ടെൻ കയ്യിൽ
ഒരുമയിൽപ്പീലിയുണ്ടെന്നുള്ളിൽ
വിരസനിമിഷങ്ങൾ സരസമാക്കുവാ
നിവ ധാരാളമാണെനിക്കെന്നും'

മലയാളത്തിന്റെ എക്കാലത്തെയും മികച്ച ബാലസാഹിത്യകാരൻ കുഞ്ഞുണ്ണിമാഷിന്റെ വരികളാണിത്. ഒരു വളപ്പൊട്ടും മയിൽപ്പീലിയും കൊണ്ട് കുട്ടികളുടെ ഭാവനയിൽ ഇതിഹാസങ്ങൾ വിരിയിപ്പിക്കാമെന്നു പറയുന്ന അദ്ദേഹം അരങ്ങൊഴിഞ്ഞിടത്താണ് സമകാലിക മലയാള ബാലസാഹിത്യം നില കൊള്ളുന്നത്. കുട്ടികൾ, പ്രത്യേകിച്ച് കേരളത്തിൽ ധാരാളമായി മാറിയിരിക്കുന്നു. അവരുടെ ഭാവനകൾ മാറിയിരിക്കുന്നു, അവരുടെ സ്വഭാവങ്ങൾ, ഗുണങ്ങൾ ഒക്കെ വ്യാപകമായി മാറിയിരിക്കുന്നു. ബാല്യം അക്ഷരങ്ങളിൽ നിന്നകലുന്നു എന്ന വേവലാതി ഉയിർകൊള്ളവേ, അറിയാതെയെങ്കിലും വായിച്ചു പോകേണ്ട പുസ്തകമാണ് കാത്തൂർ സോമന്റെ 'കിളി കൊഞ്ചൽ'.




സ്വാഭാവികഗുണങ്ങൾ കൊണ്ട് ക്രൂരരായിരിക്കുമ്പോൾ പാരസ്പര്യമുണരേണ്ട ആവശ്യകത ചൂണ്ടിക്കാട്ടേണ്ട അവസ്ഥയിലാണ് ഇന്ന് കേരളത്തിലെ ബാലസാഹിത്യലോകം.

ലോകത്തെ മാറ്റിമറിച്ച അനേകം കഥകൾ നമുക്കുണ്ട്. വലയിൽ കുടുങ്ങിയ പക്ഷികളെ വേടനിൽ നിന്നു രക്ഷിക്കുന്ന എലിയുടെ കഥ ഓർക്കുക. എന്തിന്, ഈസോപ്പ് കഥകളും, പഞ്ചതന്ത്രം കഥകളും, ബിർബൽ കഥകളുമൊക്കെ ഒരു ഉദാഹരണമാണ്. അതു വായിക്കുമ്പോഴോ കേൾക്കുമ്പോഴോ സ്നേഹത്തിന്റെ ഒരു നിലാവ് ഉള്ളിലൂടെ ഒഴുകിപ്പോകുന്ന ഒരു അനുഭവം ഉണ്ടാകും. ഈ കഥകളെല്ലാം അവസാനിക്കുന്നതു ഒരു കഥാപാത്രത്തിന്റെ രൂപപരിണാമത്തോടെയാണ്. അതു കുട്ടികളുടെ മനസിലും ആ ഭാവനയുണർത്തുന്നു.

കഥാപാത്രത്തിനുണ്ടായ പരിണാമം തനിക്കും ഉണ്ടാകണമെന്നു ആഗ്രഹിക്കുന്നു. എന്നാൽ ഇന്നത്തെ സാഹിത്യം അങ്ങനെ ഒരു സന്ദേശവും നൽകുന്നതായികാണുന്നില്ല. മത്സരത്തിലുള്ള വിജയമാണു അത് ഊന്നുന്നത്. ഇത്തരം സൃഷ്ടികൾ ഉടലെടുക്കാനുള്ള കാരണം അവയുടെ ഗ്രന്ഥകർത്താക്കളുടെ വികല മനസ്സാണ്. വിജയിക്കാത്തവരോ ആണു ഈ രംഗത്തു കൈവച്ചതെന്നു സാഹിത്യചരിത്രം വ്യക്തമാക്കുന്നു.

തത്തയുടെ കഥ പശ്ചാത്തലമാക്കി ചാർളി എന്ന ബാലന്റെ ജീവിതാനുഭവങ്ങൾ കുഞ്ഞുഹൃദയങ്ങളിൽ കുടിയിരുത്താനാണ് നോവലിസ്റ്റ് ശ്രമിക്കുന്നത്. ബാല്യത്തിൽ ആർജ്ജിച്ചെടുക്കേണ്ട ധാർമ്മിക മൂല്യങ്ങളായ സ്നേഹവും ത്യാഗവും സ്വാതന്ത്ര്യവും ഇതിൽ തുടിച്ചു നില്ക്കുന്നു.

---

# ജാതകഫലം



പ്രൊഫ. ദേശികം രഘുനാഥൻ
പത്താം കല്ല്, നെടുമങ്ങാട്
ഫോൺ: 0472-2813401
ഒക്‌ടോബർ 18 - 24

**അശ്വതി:** സാമ്പത്തികനേട്ടം പ്രതീക്ഷിക്കാം. എഴുത്തുകാർക്ക് അനുകൂലമായ സമയം. കുടുംബത്തിൽ നിന്നും അംഗീകാരവും സഹായങ്ങളും ലഭിക്കും. വാഹനം, വസ്തുക്കൾ സ്വന്തമാക്കും.

**ഭരണി:** സാമ്പത്തികനേട്ടം പ്രതീക്ഷിക്കാം. തൊഴിൽ സംബന്ധമായി പഠിക്കുന്നവർക്ക് അനുകൂലമായ സന്ദർഭം. ശത്രുക്കളെ പരാജയപ്പെടുത്തും. വിദേശത്തേക്ക് യാത്ര ചെയ്യും.

**കാർത്തിക:** പല മേഖലകളിലും വിജയം കൈവരിക്കും. അന്യർക്കായി ത്യാഗമനസ്കതയോടെ പ്രവർത്തിക്കും. ആത്മാർത്ഥതയുള്ള സുഹൃത്തുക്കളെ ലഭിക്കും. ബന്ധുക്കൾ സഹായിക്കും.

**രോഹിണി:** ധന ഐശ്വര്യത്തിന്റെയും സന്തോഷത്തിന്റെയും അവസരം. പഠനത്തിൽ ശ്രദ്ധയും താത്പര്യവും പ്രകടിപ്പിക്കും. ബന്ധുക്കളാൽ സഹായ സഹകരണങ്ങൾ ലഭിക്കും.

**മകയിരം:** സർക്കാരിൽ ഉന്നതപദവിയിലിരിക്കുന്നവർക്ക് അനുകൂലമായ സമയം. പെൺസന്താനങ്ങൾക്ക് അഭിവൃദ്ധി. പൊതുമേഖലാരംഗത്ത് മികച്ച നേട്ടം.

**തിരുവാതിര:** സാമ്പത്തികനേട്ടം പ്രതീക്ഷിക്കാം. പഠനത്തിൽ ശ്രദ്ധയും താത്പര്യവും പ്രകടിപ്പിക്കും. കേസുകളിൽ വിജയം. ഗൃഹത്തിൽ മംഗളകർമ്മം നടക്കും.

**പുണർതം:** പിതൃസ്വത്തുക്കൾ വിൽക്കാൻ ആഗ്രഹിക്കുന്നവർക്ക് കാര്യസാദ്ധ്യത. മനഃസമാധാനം നഷ്ടപ്പെടും. അല്പം അലസതയുണ്ടാകും.

**പൂയം:** കുടുംബത്തിൽ നിന്ന് മാറിത്താമസിക്കും. സഹോദരങ്ങളുമായും ബന്ധുക്കളുമായും അകൽച്ച. അടിക്കടി യാത്ര ചെയ്യേണ്ടതായി വരും. വിവാഹം അന്വേഷിക്കുന്നവർക്ക് തടസം നേരിടും.

**ആയില്യം:** ധന ഐശ്വര്യത്തിന്റെ സമയം. കുടുംബാഭിവൃദ്ധിയുണ്ടാകും. ബന്ധുക്കളാൽ പ്രശംസിക്കപ്പെടും. അന്യരുടെ ധനം വന്നുചേരും. റിയൽ എസ്റ്റേറ്റുകാർക്ക് വേഗം തൊഴിൽ നടക്കും.

**മകം:** ഉന്നത നിലവാരത്തിലുള്ള വിജയമുണ്ടാകും. ബാങ്ക്, ചിട്ടി മുതലായ സ്ഥാപനങ്ങൾ നടത്തുന്നവർക്ക് അധികലാഭം. എഴുത്തുകാർക്ക് പുരസ്കാരങ്ങൾ ലഭിക്കും.

**പൂരം:** വിദേശത്ത് ജോലി ലഭിക്കും. സഹോദര ഐക്യം പ്രതീക്ഷിക്കാം. അനുസരണയുള്ള ഭൃത്യന്മാരെ ലഭിക്കും. സിനിമാ, നാടകരംഗത്തുള്ളവർക്ക് അംഗീകാരം.

**ഉത്രം:** സാമ്പത്തിക നേട്ടം പ്രതീക്ഷിക്കാം. സർക്കാരിൽ നിന്ന് ബഹുമതിയും ധനവരവുമുണ്ടാകും. മാതാവിന് അസുഖങ്ങൾ വരാനിടയുണ്ട്. ജീവിതവിജയം പ്രതീക്ഷിക്കാം.

**അത്തം:** ധനാഭിവൃദ്ധിയും മാനസിക സന്തോഷവുമുണ്ടാകും. വാഹനം, വസ്തുക്കൾ എന്നിവ സ്വന്തമാക്കും. കലാകാരൻമാർക്ക് നല്ല സമയം. കേസുകളിൽ വിജയം.

**ചിത്തിര:** ഉന്നതസ്ഥാന പ്രാപ്തി. ആത്മാർത്ഥയുള്ള സുഹൃത്തുക്കളെ ലഭിക്കും. അന്യരാൽ പ്രശംസിക്കപ്പെടും. സമൂഹത്തിൽ അംഗീകാരവും അഭിനന്ദനവും ലഭിക്കും.

**ചോതി:** ധനാഭിവൃദ്ധിയുണ്ടാകും. സന്താനങ്ങളാൽ മാനസിക സന്തോഷം. സ്വയംതൊഴിൽ സംരംഭങ്ങളിലേർപ്പെട്ടിരിക്കുന്നവർക്ക് നേട്ടം. കുടുംബസ്വത്ത് ലഭിക്കും.

**വിശാഖം:** സാമ്പത്തിക നേട്ടം പ്രതീക്ഷിക്കാം. ആത്മാർത്ഥതയുള്ള സുഹൃത്തുക്കളെ ലഭിക്കും. വിദ്യാഭ്യാസ പുരോഗതി. മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് വിജയ സാധ്യത.

**അനിഴം:** ധന ഐശ്വര്യത്തിന്റെയും പ്രശസ്തിയുടെയും സമയം. പുണ്യകർമ്മങ്ങൾ ചെയ്യും. കമ്പനികളിൽ നിന്ന് മികച്ച ലാഭം. ജോലി അന്വേഷിക്കുന്നവർക്ക് അല്പം അകലെ ലഭിക്കും.

**തൃക്കേട്ട:** പ്രവർത്തനമികവു കൊണ്ട് മറ്റുള്ളവരുടെ അംഗീകാരവും പ്രശസ്തിയും നേടും. ജീവിത പുരോഗതിയുണ്ടാകും. ഏതു മേഖലയിൽ പ്രവർത്തിച്ചാലും വിജയമുണ്ടാകും.

**മൂലം:** കലാകാരന്മാർക്ക് അംഗീകാരവും പ്രശസ്തിയുമുണ്ടാകും. വിദേശത്ത് ജോലി ലഭിക്കും. വിവാഹം അന്വേഷിക്കുന്നവർക്ക് അനുയോജ്യമായ ബന്ധം ലഭിക്കും.

**പൂരാടം:** എഴുത്തുകാർക്ക് പുരസ്കാരങ്ങൾ ലഭിക്കും. നൃത്ത, സംഗീതമത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് വിജയസാധ്യത. ദാനധർമ്മങ്ങൾ ചെയ്യും.

**ഉത്രാടം:** ബന്ധുക്കളാൽ പ്രശംസിക്കപ്പെടും. ജീവിതപുരോഗതി പല രൂപത്തിലായി ദൃശ്യമാകും. ഗൃഹം നിർമ്മിക്കാൻ അനുയോജ്യമായ സമയം. വിദ്യാഭ്യാസ പുരോഗതി.

**തിരുവോണം:** ധനാഭിവൃദ്ധിയുണ്ടാകും. സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് പലവിധ ആനുകൂല്യങ്ങളും പദവി ഉയർച്ചയും പ്രതീക്ഷിക്കാം. തൊഴിൽ സംബന്ധമായി പഠിക്കുന്നവർക്ക് കാലം അനുകൂലം.

**അവിട്ടം:** മികച്ച ജോലി ലഭിക്കും. ഗൃഹത്തിൽ മംഗളകർമ്മത്തിന് സാദ്ധ്യത. ആത്മാർത്ഥതയുള്ള ജോലിക്കാർ വഴി തൊഴിൽ രംഗത്ത് പുരോഗതി. എല്ലാ സംരംഭങ്ങളിലും വിജയം കണ്ടെത്തും.

**ചതയം:** പൊതുമേഖലാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് സർക്കാരിൽ നിന്നും ഉന്നതസ്ഥാനപ്രാപ്തി. സർക്കാർ ഉദ്യോഗത്തിനായി പരിശ്രമിക്കുന്നവർക്ക് നിയമനത്തിനുള്ള അറിയിപ്പ് ലഭിക്കും.

**പൂരുരുട്ടാതി:** സാമർത്ഥ്യത്തോടെ ജോലികൾ ചെയ്തു തീർക്കും. പുതിയ വീട് നിർമ്മിക്കും. ബന്ധുക്കളാൽ പ്രശംസിക്കപ്പെടും. മാതാവിനോട് സ്നേഹത്തോടെ പെരുമാറും. ഉത്തരവാദിത്തത്തോടെ ജോലികൾ ചെയ്തു തീർക്കും.

**ഉത്രട്ടാതി:** നൃത്ത, സംഗീത മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് വിജയസാധ്യത. കുടുംബത്തിൽ നിന്നും പിരിഞ്ഞു താമസിക്കാനുള്ള സന്ദർഭമുണ്ടാകും.

**രേവതി:** വരവിലും കൂടുതൽ ചെലവാക്കേണ്ടി വരും. ചിട്ടി, ബാങ്ക് മുതലായ സ്ഥാപനം നടത്തുന്നവർക്ക് തിരികെ ലഭിക്കാനുള്ള കുടിശ്ശിക ലഭിക്കും. ദാനധർമ്മങ്ങൾ ചെയ്യും.

ഉറക്ക സംബന്ധമായ രോഗങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് സ്ലീപ്പ് ആപ്നിയ. ഉറങ്ങുമ്പോൾ ശ്വാസഗതിയും ശ്വാസകോശത്തിലേക്കുള്ള വായുസഞ്ചാരവും കുറഞ്ഞ് രക്തത്തിൽ ഓക്സിജന്റെ അളവ് ഗണ്യമായി കുറയുന്നതാണ് രോഗം. സ്ലീപ് ആപ്നിയയെക്കുറിച്ച് ശ്രീചിത്രാമെഡിക്കൽ സെന്ററിലെ ഡോ. സപ്ന എറാട്ട് ശ്രീധരൻ സംസാരിക്കുന്നു





# ഉറക്കത്തിൽ ശ്വാസം നിലയ്ക്കുമ്പോൾ

വി.എസ്. രാജേഷ്

ഉറക്കത്തിനിടയിൽ ശ്വാസം പൂർണ്ണമായി നിലച്ചുപോകുന്ന സ്ഥിതിയെക്കുറിച്ച് ആലോചിച്ചു നോക്കുക. അതൊരു രോഗാവസ്ഥയാണെന്ന് തിരിച്ചറിഞ്ഞ് ചികിത്സ തേടിയിയില്ലെങ്കിൽ അപകടകരമായിരിക്കും. അജ്ഞത കാരണം പലരും ഇനിയും മനസ്സിലാക്കേണ്ട സ്ലീപ്പ് ആപ്നിയയെക്കുറിച്ച് തിരുവനന്തപുരം ശ്രീചിത്ര മെഡിക്കൽ സെന്ററിലെ അസി: പ്രൊഫസർ ഡോ. സപ്ന എറാട്ട് ശ്രീധരൻ 'കേരള കൗമുദി'യോട് സംസാരിച്ചു. പ്രസക്ത ഭാഗങ്ങളിൽ നിന്ന്.

ഉറക്ക സംബന്ധമായ രോഗങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് സ്ലീപ്പ് ആപ്നിയ. ഉറങ്ങുമ്പോൾ ശ്വാസഗതിയും ശ്വാസകോശത്തിലേക്കുള്ള വായുസഞ്ചാരവും കുറഞ്ഞ് രക്തത്തിൽ ഓക്സിജന്റെ അളവ് ഗണ്യമായി കുറയുന്നതാണ് രോഗം. സാധാരണ വ്യക്തികളിൽ ഉറങ്ങുമ്പോൾ ശ്വാസനാളിയിലെ പേശികളെല്ലാം കുറച്ച് അയയും. പക്ഷേ, ഈ രോഗമുള്ള വ്യക്തികളാണെങ്കിൽ പേശികൾ അയയുമ്പോൾ വായുസഞ്ചാരം നടക്കുന്നതിൽ ബുദ്ധിമുട്ട് നേരിടുകയും രക്തത്തിൽ ഓക്സിജന്റെ അളവ് കുറയുകയും ചെയ്യും. ഇത് കൂർക്കം വലിയിലേക്ക് വഴിതെളിക്കും. അണ്ണാക്കിലെയും തൊണ്ടയിലേയും പേശികൾ ഉറക്കത്തിൽ കൂടുതലായി കമ്പനം ചെയ്യുമ്പോഴാണ് കൂർക്കം വലിക്കുന്നത്. ഈ രോഗം തീവ്രമാകുമ്പോൾ ശ്വാസനാളി ചുരുങ്ങുകയും ശ്വാസഗതി നിശേഷമായി കുറച്ചുനിമിഷങ്ങൾ നിന്നു പോവുകയും ചെയ്യും. പത്ത് സെക്കന്റിലധികം നിന്നു പോകുമ്പോഴാണ് രോഗം സ്ലീപ് ആപ്നിയയായി കണക്കാക്കുന്നത്.

സാധാരണ ഒരു വ്യക്തിയിൽ ഒരു മണിക്കൂറിൽ അഞ്ചിൽ താഴെ തവണ ഇത് സംഭവിക്കാം. അതിൽ കൂടുതലാകുമ്പോൾ രോഗമായി കണക്കാക്കും. ശ്വാസം എത്ര തവണ നിന്നു പോകുന്നുവെന്ന് മനസിലാക്കിയിട്ടാണ് രോഗത്തിന്റെ തീവ്രത കണക്കിലാക്കുക.

### ഈ പേര് എങ്ങനെ വന്നു?

ഉറക്കത്തിൽ ശ്വാസം നിന്നു പോകുന്നതാണ് സ്ലീപ് ആപ്നിയ. ആപ്നിയ എന്നാൽ ശ്വാസം നിന്നു പോകുക. ഉറക്കത്തിൽ നിന്നുപോകുന്നത് കൊണ്ടാണ് സ്ലീപ് ആപ്നിയ എന്ന പേര് വന്നത്.

### രോഗത്തിലേക്ക് നയിക്കുന്ന കാരണങ്ങൾ?

ഇത് പ്രത്യേകിച്ച് ഒരു കാരണം കൊണ്ടുണ്ടാകുന്നതല്ല. പല ഘടകങ്ങൾ കൊണ്ട് ഉണ്ടാകാം. ചിലരിൽ പാരമ്പര്യം കൊണ്ടുമുണ്ടാകാം. മുഖത്തെ മിഡ് ഫേഷ്യൽ ഭാഗം ചുരുങ്ങിയാൽ ശ്വാസനാളിയുടെ വ്യാസം കുറയാം. പൊക്കം കുറഞ്ഞ് വണ്ണമുള്ള ആളുകളിലും (കുറുകിയ) സ്ലീപ് ആപ്നിയ കൂടുതലായി കാണാറുണ്ട്. ഇവരിൽ കഴുത്തിൽ കൊഴുപ്പ് അടിഞ്ഞു കൂടുന്നതാണ് പ്രധാന പ്രശ്നം. അങ്ങനെയുള്ളവരിൽ സാധാരണക്കാരെ അപേക്ഷിച്ച് ശ്വാസനാളി ചുരുങ്ങിയാണിരിക്കുക. അത് ഉറക്കത്തിൽ കുറച്ച് കൂടി ചുരുങ്ങുമ്പോഴാണ് കൂടുതലായി ഈ പ്രശ്നം ഉണ്ടാകുന്നത്.

മറ്റൊരു ഘടകം പ്രായമാണ്. 50-60 വയസു കഴിഞ്ഞവരിലാണ്ഈ അസുഖം കൂടുതലായി കാണുക. പ്രായം കൂടുന്നതിനനുസരിച്ച് അസുഖത്തിന്റെ തീവ്രത കൂടാനും കാരണമാകും. സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാരിലാണ് രോഗം കൂടുതലായി കാണുന്നത്.

### ജീവിതശൈലിയുമായി ബന്ധമുണ്ടോ?

പ്രമേഹവും ഹൈപ്പർടെൻഷനുമൊക്കെ ജീവിതശൈലി അസുഖങ്ങളായിട്ടാണല്ലോ കണക്കാക്കിയിരിക്കുന്നത്. അക്കൂട്ടത്തിൽപ്പെടുത്താവുന്ന ഒന്നാണ് സ്ലീപ്പ് ആപ്നിയയും. കാലം മാറിയതോടെ ജീവിതശൈലീ രോഗങ്ങളും വർധിച്ചു. പ്രമേഹം ഉള്ളവരിലും ഹൈപ്പർ ടെൻഷൻ ഉള്ളവരിലുമാണ് ഈ പ്രശ്നം അധികമായും കണ്ടു വരുന്നത്. ആസ്ത്മയുള്ളവരിലും ഈ രോഗം ഒരുമിച്ചു വരാറുണ്ട്.

### ആഹാര ക്രമീകരണം കൊണ്ട് രോഗം നിയന്ത്രിക്കാൻ കഴിയുമോ?

ആഹാരക്രമീകരണം കൊണ്ട് മാത്രം പൂർണമായും നിയന്ത്രിക്കാനാകില്ല. അസുഖത്തിന്റെ തീവ്രത അനുസരിച്ചാണ് ചികിത്സ തീരുമാനിക്കുന്നത്. സ്ലീപ് ആപ്നിയയുടെ പ്രധാനമായ ഒരു ട്രീറ്റ്മെന്റ് ജീവിതശൈലിമാറ്റങ്ങളാണ്. അസുഖത്തിന്റെ തീവ്രത കുറവുള്ളവരിൽ ഇതുമതിയാവും. സ്ഥിരമായിട്ടുള്ള വ്യായാമം, ഭക്ഷണം നിയന്ത്രിച്ച് തടി കുറയ്ക്കുക, ഐഡിയലായിട്ടുള്ള ബോഡി മാസ് ഇൻഡക്സ് 25ൽ താഴെ എത്തിക്കുക, പുകവലി, മദ്യപാനം എന്നിവ ഉപേക്ഷിക്കുകയുമാണ് തുടക്കക്കാർക്ക് നൽകുന്ന നിർദ്ദേശങ്ങൾ. രോഗം മൂർച്ഛിച്ചവരിൽ ചികിത്സാരീതിയും മാറും. തീവ്രത കൂടുതലായുള്ളവർക്ക് ഉറക്കത്തിൽ ഉപയോഗിക്കാൻ പ്രത്യേക ഉപകരണങ്ങളാണ് നൽകുക. സി പാപാണ് അതിൽ പ്രധാനം.

### രോഗത്തിന്റെ തീവ്രത എങ്ങനെയാണ്? മരണത്തിലേക്ക് നയിക്കുമോ?

സ്ലീപ് ആപ്നിയ തീവ്രത അനുസരിച്ച് കാലക്രമേണ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളിലേക്ക് നയിക്കാം. ഒരു ദിവസം കൊണ്ട് പെട്ടെന്ന് അത്യാഹിതം സംഭവിക്കണമെന്നില്ല. പക്ഷേ, വർഷങ്ങൾ ചികിത്സ തേടാതിരുന്നാൽ പ്രശ്നമാകും. ഡയബറ്റിക്, ഹൈപ്പർ ടെൻഷൻ എന്നിവയുടെ നിയന്ത്രണം മോശമായി വരും. സാധാരണയായി മൂന്നും നാലും മരുന്നു കൊണ്ടാകാം ഹൈപ്പർ ടെൻഷൻ ഉള്ളവരിൽ പലരും ബി.പി നിയന്ത്രിക്കുക. സ്ലീപ് ആപ്നിയ കണ്ടെത്തി ചികിത്സിച്ചാൽ മരുന്നുകളുടെ എണ്ണം കുറച്ച് ബിപി നിയന്ത്രിക്കാനാകും. ഇങ്ങനെ ഒരു മരുന്നു കൊണ്ട് പോലും ബി.പി കുറയ്ക്കുന്നവരുണ്ട്. ചികിത്സ ചെയ്യാതിരുന്നാൽ ഭാവിയിൽ അത് ഹൃദ്രോഗം, ഹൃദയമിടിപ്പിലെ താളപ്പിഴകൾ, ഹൃദയാഘാതം, സ്ട്രോക്, ഓർമ്മക്കുറവ് എന്നിവയിലേക്ക് നയിക്കാം.

### ഓക്സിജന്റെ അളവ് പെട്ടെന്ന് കുറയുന്നത് അപകടമല്ലേ?

മണിക്കൂറുകളോളം ഓക്സിജന്റെ അളവ് കുറഞ്ഞു നിൽക്കില്ല. സാധാരണ ഒരു പതിനഞ്ച് സെക്കന്റൊക്കെ കഴിയുമ്പോൾ നമ്മുടെ ബ്രെയിൻ തന്നെ നമ്മളെ ഉണർത്തും. ഉറക്കത്തിൽ പലതവണ ഇത് ആവർത്തിക്കുമ്പോൾ പകൽ വല്ലാതെ ഉറക്കക്ഷീണമുണ്ടാകാം. എന്നാൽ, മദ്യം കഴിക്കുന്നവരിൽ അപകടസാധ്യത കൂടുതലാണ്.

### കൂർക്കംവലിയ്ക്കുള്ള കാരണം ഇതുതന്നെയാണോ?

കൂർക്കംവലിയ്ക്കുള്ള ഏകകാരണം സ്ലീപ് ആപ്നിയ ആണെന്ന് പറയാനാകില്ല. സാധാരണയുള്ള ബ്രീത്തിംഗ്, കൂർക്കം വലി, സ്ലീപ് ആപ്നിയ എന്നിങ്ങനെ മൂന്ന് തരത്തിൽ ഉറക്കത്തിലെ ശ്വാസോച്ഛ്വാസത്തെ വേർതിരിക്കാം. ശ്വാസം കുറഞ്ഞ് രക്തത്തിലെ ഓക്സിജന്റെ അളവ് തീരെ കുറഞ്ഞ് പോകുന്ന അവസ്ഥയാണ് സ്ലീപ് ആപ്നിയ.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. 50-60 വയസിനിടയിൽ പെട്ട എല്ലാവരും ഈ ലക്ഷണങ്ങളുണ്ടെങ്കിൽ (പകൽ അമിതമായ ഉറക്കം തൂങ്ങൽ, ക്ഷീണം, രാത്രി കൂർക്കം വലി) തീർച്ചയായും ഒരു ഡോക്ടറെ കണ്ട് പരിശോധിക്കണം.
2. രോഗം നിർണയിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിൽ സി പാപ് ഉപയോഗിക്കുക, അതും കൃത്യമായ രീതിയിൽ.
3. ശരീരഭാരം നിയന്ത്രിക്കുക (ലൈഫ് സ്റ്റൈലിൽ ശ്രദ്ധിക്കണം)

### രോഗികൾ ഇതെങ്ങനെ തിരിച്ചറിയും?

സാധാരണഗതിയിൽ രോഗികൾ പോയിട്ട് ഡോക്ടർമാർ പോലും തിരിച്ചറിയുന്നത് കുറവാണ്. പകലുറങ്ങുന്നവരും രാത്രി ഉറങ്ങിയിട്ടും രാവിലെ എണീറ്റ് ഉറക്കം തൂങ്ങുന്നവരിലുമാണ് കൂടുതലായി ഈ രോഗം കാണാനുള്ള സാധ്യത .നേരത്തേ പറഞ്ഞതുപോലെ അമിത വണ്ണം ഉള്ളവർക്ക് രോഗസാധ്യത കൂടുതലാണ്. ലക്ഷണങ്ങൾ പലപ്പോഴും രോഗികളോട് ഞങ്ങൾ ചോദിക്കുമ്പോൾ അമിതമായ കൂർക്കം വലി , ഉറക്കത്തിനിടയിൽ ശ്വാസം നിന്നു പോകുന്നതുപോലെ തോന്നുന്നവരും, ഉറക്കത്തിൽ ശ്വാസത്തിനായി എഴുന്നേൽക്കുമെന്ന് പറയുന്നവരുമുണ്ട്.

6-8 മണിക്കൂർ ഉറങ്ങിയാലും രാവിലെ തലയ്ക്ക് മന്ദത, പെരുപ്പ്, വേദന, ഉൻമേഷക്കുറവ് എന്നിവ തോന്നുന്നതും രോഗലക്ഷണങ്ങളാണ്.

### പരിശോധനാരീതി എങ്ങനെയാണ്?

ക്ലിനിക്കൽ സംശയം വളരെ പ്രധാനമാണ്. നമുക്ക് കിട്ടുന്ന രോഗികൾ കൂടുതലും കാർഡിയോളജി, ന്യൂറോളജി തുടങ്ങിയ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും റഫർ ചെയ്താണ് വരുന്നത്. അവരോട് ഈ ലക്ഷണങ്ങൾ ഉണ്ടോയെന്ന് ചോദിക്കുമ്പോഴാണ് രോഗം തിരിച്ചറിയുന്നത്. ഡയബറ്റിസ്, ഹൈപ്പർ ടെൻഷൻ തുടങ്ങിയവരിലാണ് കൂടുതലായും ഈ പ്രശ്നങ്ങളുള്ളത്.

അവർക്കാണ് സ്ലീപ് സ്റ്റഡി അഡ്വൈസ് ചെയ്യുന്നത്. പരിശോധന ലാബിൽ മാത്രമല്ല വീട്ടിലും ചെയ്യാവുന്നതാണ്. ശ്വാസത്തിന്റെ ഗതിയറിയാൻ മോണിറ്ററുണ്ട്, രക്തത്തിലുള്ള ഓക്സിജന്റെ അളവും പൾസ് റേറ്റും രോഗി ഉറങ്ങുന്ന സമയത്ത് റെക്കോർഡ് ചെയ്താൽ രോഗത്തിന്റെ തീവ്രതയുടെ ഏകദേശ ധാരണകിട്ടും.

### ചികിത്സാ സൗകര്യം കേരളത്തിൽ എത്രമാത്രം ലഭ്യമാണ്?

നിലവിൽ സർക്കാരിന് കീഴിൽ ശ്രീചിത്രയിലും മെഡിക്കൽ കോളേജുകളിലുമാണ് സ്ലീപ് ലാബുകളും ഈ ചികിത്സയും ഉള്ളത്. ശ്രീചിത്രയിൽ ന്യൂറോളജി ഡിപ്പാർട്ട്മെന്റിന് കീഴിലാണ്. പിന്നെ ചില പ്രൈവറ്റ് ആശുപത്രികളിലുമുണ്ട്. ന്യൂറോളജി ഡിപ്പാർട്ട് മെന്റിനു പുറമെ പല ഡിപ്പാർട്ടുമെന്റുകളുമായി ഇന്റർഫേസുണ്ട്. പൾമണറോളജസിറ്റ്, ഇ.എൻ.ടി. തുടങ്ങിയ വിഭാഗങ്ങളും അതിൽപെടും.

### ചികിത്സിച്ച് ഭേദമാക്കാൻ പറ്റോ?

ഈ രോഗത്തെ പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയില്ല. പക്ഷേ, ഡയബറ്റിക്, ഹൈപ്പർ ടെൻഷൻ പോലെ കൺട്രോൾ ചെയ്യാം എന്നു മാത്രമേയുള്ളൂ. ജീവിത രീതിയിൽ മാറ്റങ്ങൾ വരുത്തിയാൽ തീവ്രത കുറയ്ക്കാനാകും.

### സി പാപ് എന്താണ്?

സി പാപ് (C PAP) Continuous Positive Airway Pressure)ഉപകരണം ആണ് രോഗികൾക്ക് പ്രധാനമായും നിർദ്ദേശിക്കുന്നത്. ഉറങ്ങുന്ന സമയത്ത് പുറത്ത് നിന്ന് ശ്വാസനാളിയിലേക്ക്പ്രഷർ കൊടുക്കുന്നത് കൊണ്ട് വായുസഞ്ചാരം വർധിക്കും. Oxygenation സാധാരണ പോലെയാകുകയും ചെയ്യും. അത് കൃത്യമായ പ്രഷറിൽ കൊടുത്താൽ കൂർക്കംവലി മാറി കിട്ടുകയും രക്തത്തിൽ ഓക്സിജന്റെ അളവ് നിയന്ത്രിക്കാനും സാധിക്കും. കൃത്യമായി ഉപയോഗിക്കുക എന്നതാണ് വേണ്ടത്. ബിപിയ്ക്കും പ്രമേഹത്തിനും മരുന്നു കഴിക്കുന്നത് പോലെയാണ് സി പാപും ഉപയോഗിക്കേണ്ടത്. അതായത് ഉപയോഗിച്ചു കൊണ്ടിരിക്കുന്ന സമയത്ത് മാത്രമേ അതിന് ബെനിഫിറ്റ് ഉള്ളൂ. അതല്ലാതെ രോഗത്തെ പൂർണ്ണമായും ട്രീറ്റ് ചെയ്ത് മാറ്റാനാകില്ല.

### സി-പാപ് അല്ലാതെ വേറൊരു മാർഗവുമില്ലേ?

സി-പാപ്പു തന്നെയാണ് ആധികാരികമായി തെളിയിക്കപ്പെട്ടിട്ടുള്ള ചികിത്സ. അതല്ലാതെ പിന്നെയുള്ളത് സർജിക്കൽ ട്രീറ്റ്മെന്റാണ്. അതുപലപ്പോഴും പ്രായവും രോഗത്തിന്റെ തീവ്രതയും മനസിലാക്കിയിട്ടാണ്. അപൂർവമായിട്ടാണെങ്കിലും കുട്ടികൾക്കിടയിലുണ്ടാകുന്ന ഈ രോഗത്തെ സർജറിയിലൂടെ മാറ്റാം. കുട്ടികൾക്കിടയിൽ ഇതിന്റെ ലക്ഷണങ്ങളും മാറിയിരിക്കാം. ക്ലാസിൽ ഇരുന്ന് ഉറക്കം തൂങ്ങുകയോ അല്ലെങ്കിൽ ഹൈപ്പർ ആക്ടിവിറ്റി ആയിട്ടൊക്കെ ലക്ഷണങ്ങൾ കാണും.ഡെന്റൽ ഡിവൈസും ഉണ്ട്. ഉറക്കത്തിൽ ചിലരിൽ നാവ് പിന്നിലോട്ട് പോകും. അവരിൽ നാവ് മുന്നോട്ട് ഉയർത്താൻ വേണ്ടി ഡെന്റൽ ഡിവൈസ് ഉപയോഗിക്കാം. അത് വായിൽ വച്ച് കിടക്കാം. കൗൺസിൽ ചെയ്താലും ട്രെയിൻ ചെയ്താലും ചിലർക്ക് സി പാപ് വയ്ക്കാൻ പേടിയാണ്. അവർക്കാണ് ഇത്തരത്തിലുള്ള മറ്റു മാർഗങ്ങൾ നോക്കുന്നത്.

### പ്രായ വ്യത്യാസമില്ലേ?

സാധാരണയായി 50-60 പ്രായക്കാരിലാണ് കാണുന്നത്. കുട്ടികളിൽ എന്തെങ്കിലും കാരണം ഉണ്ടെങ്കിൽ മാത്രം വരാം. ജന്മനാ തന്നെ മുഖത്തെ എല്ലുകൾ ചെറുതാവുകയോ പാരമ്പര്യ പ്രശ്നങ്ങളോ കൊണ്ടോ ആണിത് ഉണ്ടാവുക. അല്ലെങ്കിൽ Tonsils, Adenoids തുടങ്ങിയവയിൽ നീർവീക്കം. ഇത്തരത്തിൽ എന്തെങ്കിലും പ്രശ്നമുള്ള കുട്ടികളിൽ സ്ലീപ് ആപ്നിയ കാണാറുണ്ട്.

### സീ പാപ്പിന് സൈഡ് ഇഫക്ട്സ് ഉണ്ടോ?

ചെറിയ സൈഡ് ഇഫക്ട്സേയുള്ളൂ. സി പാപ് വയ്ക്കുന്നത് കൊണ്ട് അപൂർവമായി മൂക്കിൽ പാട് വരാം, ചിലപ്പോൾ മുറിവുണ്ടാകാം. അതൊഴിവാക്കാൻ മാസ്കിൽ സോഫ്റ്റ് ആയിട്ടുള്ള കുഷ്യൻസ് ഫിറ്റ് ചെയ്തിട്ടുണ്ട്. മൂക്കിലും വായിലും ഡ്രൈനസ് ഉണ്ടാകാം. ചിലർ മൂക്കടപ്പ് ഉണ്ടെന്ന് പറയാറുണ്ട്. ഇതൊക്കെ എളുപ്പം പരിഹരിക്കാവുന്നതേയുള്ളൂ.

## ഡോ. സപ്ന എറാട്ട് ശ്രീധരൻ


തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിന്നാണ് സപ്ന എം.ബി.ബി.എസ് ചെയ്തത്. കോഴിക്കോട് നിന്നും എം.ഡിയും ശ്രീചിത്രയിൽ നിന്ന് ന്യൂറോളജിയിൽ ഡി.എമ്മും കരസ്ഥമാക്കി. സ്വദേശം തൃശ്ശൂർ ചെമ്പുക്കാവ്. 2012 മുതൽ ശ്രീചിത്രയിൽ സ്ലീപ്പ് വിഭാഗത്തിൽ പ്രവർത്തിക്കുന്നു. ഭർത്താവ് ഡോ. കെ. കെ. നാരായണൻ നമ്പൂതിരി ശ്രീചിത്രയിൽതന്നെ കാർഡിയോളജിസ്റ്റാണ്. എഴുത്തുകാരനും വാഗ്മിയുമാണ്. ഇവർക്ക് രണ്ടുമക്കൾ.

അച്ഛൻ എറാട്ട് ശ്രീധരൻ, അമ്മ ശാന്ത, സഹോദരൻ : സഞ്ജീവ്

rajeshvskk@gmail.com

---

കവിത



ശാന്തി ജയകുമാർ

നിന്റെ ഓർമ്മയുടെ കണ്ണിലെ
നീർക്കണമല്ല;
മറവിയുടെ മുറിവിലൂറുന്ന
ചോരത്തുള്ളി.

സ്നേഹിക്കുമ്പോഴും നീ
ഭയപ്പെടുന്നവൾ
തിരസ്കരിക്കുമ്പോഴും നിന്നെ
ആഗ്രഹിക്കുന്നവൾ
അകന്നകന്നുപോകുമ്പോൾ
അടുത്തടുത്തു വരുന്നവൾ.
നീയറിയാതെ നിന്നെ
നോക്കിനിന്നവൾ....

വിളിച്ചാൽ വിളികേൾക്കാത്തവൾ
നിനക്കുമുൻപേ നടന്നുപോയവൾ
നിന്റെ കാല്പാടിൽ ചിതറിവീണവൾ.

അവളുടെ നെഞ്ചിനുള്ളിൽ
വിങ്ങുന്നതെന്റെ ഹൃദയം.
എന്നിട്ടും
എന്റെ ശബ്ദം അവൾക്കൊരു
തടവറ തീർക്കും...
എന്റെ മൗനത്തിലുമവൾ
വീർപ്പുമുട്ടും...
എന്റെ കണ്ണാടി കണ്ടവൾ
വിഭ്രമിക്കും...
എന്റെ കൈരേഖ നീണ്ട വഴി
വിസ്മരിക്കും...

എൻ വിരൽത്തുമ്പിൽ നിന്നവൾ
വിട്ടുപോകും...
ഇന്നു നീയവൾക്കന്യനാകും....
അവൾക്കുണ്ടെന്നുമൊരേ ചോദ്യം
എന്തുകൊണ്ടെന്നല്ല;

എന്തിന്....
എന്തിന്...
എന്തിന്.......
- അനാഥമീ നിമിഷം -

എന്റെ നെഞ്ചിൽ
അവളുടെ ഹൃദയം
തെറ്റി മിടിക്കുന്നു.
ഉറങ്ങുമ്പോൾ കവിളിലൊരു
ചാറ്റൽ മഴ...
ജൂണിൽ വിരിഞ്ഞ മുല്ലപ്പൂവ് പോലെ
അവളുടെ പ്രഭാത സ്വപ്നത്തിൽ
നിന്റെ ചിരി....

---

ജ്ഞാനപ്പഴം

ശ്രീ ശ്രീ രവിശങ്കർ



# പ്രതീക്ഷ അരുത്

നിങ്ങൾ എന്നെ ആദരിക്കുന്നതുപോലെ എല്ലാവരെയും ബഹുമാനിക്കണം. പക്ഷേ എന്നിൽ നിന്നു പ്രതീക്ഷിക്കുന്നത് മറ്റുള്ളവരിൽനിന്ന് പ്രതീക്ഷിക്കരുത്.

നിങ്ങൾ എന്നെ തിരിച്ചാണ് ചെയ്യുന്നത്. എനിക്കു നൽകുന്ന ആദരവ് നിങ്ങൾ മറ്റാർക്കും നൽകുന്നില്ല. പക്ഷേ അവർ നിങ്ങൾക്കു സന്തോഷം നൽകണമെന്നും മാതൃകാപരമായി പെരുമാറണമെന്നുമൊക്കെ നിങ്ങൾ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് അവർ പെരുമാറാതിരിക്കുമ്പോൾ, നിങ്ങൾക്കു

നിരാശയുണ്ടാവുകയും അവരെ കുറ്റപ്പെടുത്തുകയും ശപിക്കുകയും ചെയ്യുന്നു. ശപിക്കുമ്പോൾ നിങ്ങളുടെ ആത്മീയശക്തി നഷ്ടമാകുന്നു . അനുഗ്രഹിക്കുമ്പോൾ അത് വർദ്ധിക്കുന്നു. വൈരുദ്ധ്യങ്ങൾ നിറഞ്ഞ ലോകമാണിത്.

കേരളകൗമുദി
വാരാന്ത്യ
സിനിമ
2015 ഒക്ടോബർ 18 ഞായർ

# വീണ്ടും എന്റെ ചിത്രം വരുന്നു

രജത് ആർ.ജി

പ്രശസ്തിയും സമ്പത്തും മോഹിച്ച് സിനിമയിലേക്ക് എത്തുന്നവരുടെ കൂട്ടത്തിൽ വ്യത്യസ്തനാണ് പ്രതാപ് പോത്തൻ. സിനിമയിൽ വന്നത് വീട് വയ്ക്കാനോ കാർ മേടിക്കാനോ ഒന്നമല്ലെന്ന് തുറന്നു പറയുവാൻ അദ്ദേഹത്തിന് ഒരു മടിയും ഇല്ല. അതുകൊണ്ട് പ്രശസ്തനാവുക എന്ന ചിന്തയുമില്ല. പക്ഷേ, എന്തുകൊണ്ട് സിനിമയിലെത്തി എന്നു ചോദിച്ചാൽ അതിന് പ്രതാപ് പോത്തന് കൃത്യമായ മറുപടിയുണ്ട്.

എനിക്ക് ഇഷ്ടമുള്ള ഒരു പ്രൊഫഷന്റെ ഭാഗമാകണമായിരുന്നു. എന്റെ തുടക്കവും നന്നായി.ഭരതനെപ്പോലെ ഒരു പ്രതിഭയെ വഴികാട്ടിയായി ലഭിച്ചു. ഞാൻ സിനിമയിലെത്തുന്ന കാലഘട്ടം മുതൽ മലയാള സിനിമയിൽ നായകനാവാൻ ഉയരവും സൗന്ദര്യവും വേണം. ഇതുരണ്ടും എനിക്കില്ല. എന്നിട്ടും ഞാൻ സിനിമാക്കാർക്കിടയിൽ വ്യത്യസ്തനായി. എന്റെ വസ്ത്രധാരണവും സംസാര രീതിയുമായിരുന്നു അതിനു കാരണം.

സമ്പന്ന കുടുംബത്തിൽ ജനിച്ചതിന്റെ ഗുണം എനിക്കു കിട്ടിയിട്ടുണ്ട്. പണത്തോടുള്ള ആർത്തി ഇല്ല. അത് കൂടാതെ എനിക്ക് പഠിക്കാനും വായിക്കാനും വലിയ ആൾക്കാരുമായി സംവദിക്കാനുമൊക്കെ ധാരാളം അവസരങ്ങൾ ലഭിച്ചു. പണം മുഖ്യമാണെന്ന് അറിയാമെങ്കിലും കാശ് കൊണ്ട് മാത്രം ഒന്നും നേടാൻ പറ്റില്ലയെന്നു തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. കാരണം മരിക്കുമ്പോൾ ഇതൊന്നും കൊണ്ടുല്ലല്ലോ നാം പോകുന്നത്. സത്യംത്തിൽ കാശുള്ള കുടുംബത്തിൽ ജനിച്ചത് പോരായ്മയായി പിന്നീട് എനിക്ക് തോന്നിയിട്ടുണ്ട്. ഒന്നുമല്ലാത്ത നിലയിൽ നിന്ന് വന്നവന് ജീവിതത്തിൽ ഉയർന്നുവരാൻ അതിയായ ആഗ്രഹം കാണും. അവൻ അതിന് വേണ്ടി പ്രയത്നിക്കും. എനിക്ക് അങ്ങനെയൊരു വിചാരം ഇല്ലായിരുന്നു.

എന്റെ ചേട്ടന് ( ഹരി പോത്തൻ ) ഞാൻ സിനിമയിൽ അഭിനയിക്കുന്നതിനോട് ഒരു താത്പര്യവുമില്ലായിരുന്നു. എനിക്ക്നടനാവാൻ കഴിയുമെന്ന സത്യം ചേട്ടൻ തിരിച്ചറിഞ്ഞില്ല. ഞാൻ നടനായത് ചേട്ടൻ പടം നിർമ്മിച്ചതു കൊണ്ടല്ല. പക്ഷേ ചേട്ടൻ കാരണം സിനിമയിലെ പല പ്രശസ്തരെയും പരിചയപ്പെടാൻ അവസരം കിട്ടി. ഭരതനെ പരിചയപ്പെടാൻ കഴിഞ്ഞത് അങ്ങനെയാണ്.

## അഭിനയവും സംവിധാനവും

പരിമിതികളുള്ള നടനാണ് ഞാൻ. എനിക്ക് ചില റോളുകൾ മാത്രമേ കൈകാര്യം ചെയ്യാൻ കഴിയൂ. തകര, ചാമരം, അഴിയാത്ത കോലങ്ങൾ, മൂടുപനി, വരുമൈയിൻ നിറം സിവപ്പ് എന്നീ സിനിമകൾ എനിക്ക് പേരും പെരുമയും നേടിത്തന്നു. പക്ഷേ, സാധാരണ നായകന്മാരെപ്പോലെ പത്തുപേരെ അടിച്ചിടാനോ നൃത്തം ചെയ്യാനോ എനിക്ക് പറ്റില്ലായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം നൃത്തം വളരെ ഹൊറിബിൾ ആയിരുന്നു. എനിക്ക് പറ്റുന്ന സിനിമകളിൽ മാത്രമേ ഞാൻ അഭിനയിച്ചിട്ടുള്ളൂ. അഭിനയംഎനിക്ക് ഹരമല്ല.എനിക്ക് സിനിമകൾ സംവിധാനം ചെയ്യാനാണ് ഇഷ്ടം. ഞാൻ പഠിച്ച ലോറൻസ് സ്കൂൾ ഒരുപാട് മരങ്ങൾനിറഞ്ഞ അതിമനോഹരമായ സ്ഥലമായിരുന്നു. ആ സ്കൂളിന്റെ സൗന്ദര്യം എന്നെ വളരെ ഇൻസ്പയർ ചെയ്തിട്ടുണ്ട്. പിന്നീട് സംവിധായകനായപ്പോൾ ഞാൻ 'ഡെയ്സി' ഷൂട്ട് ചെയ്തതും അവിടെ വച്ചാണ്. ഞാൻ ആദ്യം സംവിധാനം ചെയ്ത സിനിമ 'മീണ്ടും ഒരു കാതൽ കഥൈ' ആണ്. ഒരുപാട് വെല്ലുവിളികൾ നിറഞ്ഞതായിരുന്നു ആ സിനിമ. ദേശീയ അവാർഡ് കിട്ടിയെങ്കിലും കുറെയേറെ പണം നഷ്ടമാക്കിയ ചിത്രമാണ്. എന്നാൽ, ഋതുഭേദം എനിക്ക് ഒത്തിരി സംതൃപ്തിയും സന്തോഷവും തന്നു. അപ്പോഴേക്കും എനിക്ക് സിനിമ എന്താണെന്ന് മനസിലായി.

പതിനെട്ട് വർഷങ്ങളുടെ ഇടവേളയ്ക്കു ശേഷം വീണ്ടും സംവിധായകന്റെ കുപ്പായമണിയുകയാണ്. ഒരു യാത്രാമൊഴിക്ക് ശേഷംചില സിനിമകൾ ചെയ്യാൻ പ്ളാനിട്ടെങ്കിലും ഒന്നും നടന്നില്ല. ഇപ്പോൾ ഒരു കഥാംശം ലഭിച്ചപ്പോൾ അത് ഞാൻ അഞ്ജലിയോട് (അഞ്ജലി മേനോൻ) പറഞ്ഞു. അഞ്ജലി ഓക്കെ പറഞ്ഞതോടെ ഞാൻ ആ അവസരം ചാടി പിടിച്ചു. എനിക്ക് നല്ലൊരു നിർമ്മാതാവിനെയും കിട്ടി. രാജീവ് മേനോൻ ഛായാഗ്രഹണം നിർവഹിക്കുന്ന എന്റെ പുതിയ സിനിമയുടെ ഷൂട്ടിംഗ് വർക്കലയിലും മുംബയിലുമായി തുടങ്ങും.

## സിനിമ പഠിക്കണം

ഇന്ന് ആർക്കും സിനിമ ഉണ്ടാക്കാമല്ലോ. ഒരു ഐ ഫോൺ മാത്രം മതി. ഇപ്പോൾ താരങ്ങൾക്ക് വേണ്ടിയാണ്കഥ ഉണ്ടാക്കുന്നത്. പിന്നെങ്ങനെയാണ് നല്ല സിനിമകൾ ഉണ്ടാകുന്നത്. ഏത് മടയനും ഇന്ന് സംവിധായകൻ ആകാം, നിർമ്മാതാവ് ആകാം. പണ്ടൊക്കെ നിർമ്മാതാവായിരുന്നു എല്ലാം തീരുമാനിച്ചിരുന്നത്. ഇന്ന് താരമാണ് സംവിധായകനെയും എഴുത്തുകാരനെയും വരെ തീരുമാനിക്കുന്നത്. ഇന്നത്തെ സിനിമാക്കാരൊക്കെ കൊറിയൻ സിനിമകളുടെ പിന്നാലെ ആണ്. കോപ്പിയടിച്ചാണ് പല സിനിമകളും ജനിക്കുന്നത് . സിനിമ സംവിധാനം ചെയ്യുക വളരെ എളുപ്പമാണ് എന്ന വിചാരമാണ് പലർക്കും. പണ്ടൊക്കെ സിനിമ സംവിധാനം എന്ന് പറഞ്ഞാൽ വളരെ പ്രയാസകരമായ ഏർപ്പാട് ആയിരുന്നു. ഫിലിം ആണ് അന്ന് ഉപയോഗിച്ചിരുന്നത്. ഇന്നത്തെ പോലെ മോണിട്ടർ ഒന്നുമില്ല. സിനിമയുടെ ഗ്രാമർ എന്തെന്ന് പഠിക്കേണ്ടിയിരുന്നു.


## ഈ വ്യവസ്ഥിതിയിൽ വിശ്വാസമില്ല

എനിക്ക് വിജയകരമായ ഒരു വിവാഹജീവിതം ഉണ്ടായില്ല. വിവാഹം എന്ന് പറയുന്നത് വളരെ കൃത്രിമമായ ഒരു കാര്യമാണ്. ഞാൻ കണ്ടിട്ടുള്ളതിൽ വച്ച് നാല് ശതമാനം ആളുകളാണ് സന്തോഷകരമായ വിവാഹജീവിതം നയിക്കുന്നത്. ബാക്കിയൊക്കെ അഡ്ജസ്റ്റ്മെന്റ് ആണ്. കേരളത്തിൽ ലിവിംഗ് ടുഗദർ എത്ര വിരളമായിട്ടാണ് കാണുന്നത്. ഇവിടെയുള്ള ആളുകൾ ഇപ്പോഴും വളർന്നിട്ടില്ല. ഇപ്പോഴും സെക്സ് എന്നത് മോശം വാക്കായിട്ടാണ് എല്ലാവരും കാണുന്നത്. അത് ഒരിക്കലും ഒരു മോശം വാക്കല്ല. പക്ഷേ എല്ലാവരും എല്ലാ മതങ്ങളും അതിനെ ഒരു മോശം വാക്കായി മാറ്റി. വിവാഹം എന്നത് അപഹാസ്യമായ ഒരു കാര്യമാണ്. എനിക്ക് ചോദിക്കാനുള്ളത് വിവാഹം ആഘോഷിക്കുന്നെങ്കിൽ എന്തുകൊണ്ട് മരണം ആഘോഷിക്കുന്നില്ല എന്നാണ്. ഞാൻ മരണം ആഘോഷിക്കും. കാരണം ഈ നശിച്ചലോകത്ത് പിന്നെ ജീവിക്കേണ്ടിവരില്ലല്ലോ.



പ്രതാപ്പോത്തൻ

**ഇന്ന് ആർക്കും സിനിമ ഉണ്ടാക്കാമല്ലോ. ഒരു ഐഫോൺ മാത്രം മതി. ഇപ്പോൾ താരങ്ങൾക്ക് വേണ്ടിയാണ് കഥ ഉണ്ടാക്കുന്നത്. പിന്നെങ്ങനെയാണ് നല്ലസിനിമകൾ ഉണ്ടാകുന്നത്**



മോഹൻലാൽ

## കനൽ 22ന് എത്തും

ശിക്കാർ എന്ന ചിത്രത്തിന്ശേഷം മോഹൻലാലിനെ നായകനാക്കി എം. പദ്മകുമാർ സംവിധാനം ചെയ്യുന്ന ചിത്രമാണ് കനൽ.

ചിത്രത്തിന്റെ തിരക്കഥയൊരുക്കുന്നത് സുരേഷ് ബാബുവാണ്. അച്ചാം മൂവീസാണ് ചിത്രം നിർമ്മിക്കുന്നത്. ഹണി റോസാണ് നായിക. മോഹൻലാലിനൊപ്പം മറ്റൊരു പ്രധാന വേഷത്തിൽ അനൂപ് മേനോനും ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്. അഞ്ചു വർഷത്തിന് ശേഷമാണ് പദ്മകുമാറും മോഹൻലാലും വീണ്ടും ഒന്നിക്കുന്നത്. പ്രതാപ് പോത്തൻ, അതുൽ കുൽക്കർണി, ഇന്നസെന്റ്, ഷീലു എബ്രഹാം, നിഖിത തുടങ്ങിയവരാണ് മറ്റു താരങ്ങൾ.

കാമറ: വിനോദ് ഇല്ലമ്പള്ളി, സംഗീതം : ഔസേപ്പച്ചനും വിനു തോമസും, എഡിറ്റിംഗ്: രഞ്ജൻ എബ്രഹാം.

## സാൾട്ട് മാംഗോ ട്രീ



ലക്ഷ്മി പ്രിയ ചന്ദ്രമൗലി

രാജേഷ്നായർ സംവിധാനം ചെയ്ത് ബിജു മേനോൻ നായകനാകുന്ന ചിത്രമാണ് സാൾട്ട് മാംഗോ ട്രീ. തൗസന്റ്സ് ലൈറ്റ്സ് എന്റർടെയ്ൻമെന്റിന്റെ ബാനറിൽ അബീഷ്, റോഷൻ ചിറ്റൂർ, ഷാജുൺ കാര്യാൽ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ചിത്രമാണിത്.

പുതുമുഖതാരം ലക്ഷ്മി പ്രിയ ചന്ദ്രമൗലിയാണ് നായികയാകുന്നത്.

വിനോദ് ആൻഡ് വിനോദാണ് തിരക്കഥ. സൈജു കുറുപ്പ്, സുധീർ കരമന, ഇന്ദ്രൻസ്, സരയു, മഞ്ജു സതീഷ്, ലക്ഷ്മി മേനോൻ എന്നിവരാണ് മറ്റു താരങ്ങൾ. റഫീഖ് അഹമ്മദ്, അസ്‌ലം, മധു വാസുദേവ് എന്നിവരാണ് ഗാനരചന. ഹിഷാം അബ്ദുൾ വഹാബ് സംഗീതം നൽകുന്നത്. എഡിറ്റർ: ഇ.എസ് സൂരാജ്, കാമറ: വിഷ്ണു ശർമ്മ.

## കിസ്മത്ത്

നടനും മിമിക്രി താരവുമായ അബിയുടെ മകൻ ഷെയിൻ നിഗം, വിനയ് ഫോർട്ട് എന്നിവർ താരങ്ങളായി എത്തുന്ന ചിത്രമാണ് കിസ്മത്ത്. നവാഗതനായ ഷാനവാസ് കെ ബാവക്കുട്ടിയാണ് തിരക്കഥയും സംവിധാനവും. പൊന്നാനിയിലാണ് ചിത്രീകരണം. ഒരുപാടു പേർ ഒരു സ്ഥലത്ത് എത്തിച്ചേരുമ്പോൾ ഉണ്ടാകുന്ന ഒരുദിവസത്തെ സംഭവങ്ങളാണ് സിനിമ. കലക്ടീവ് ഫെയ്സ് വൺ ആൻഡ് യെസ് മേക്കേഴ്സിന്റെ ബാനറിൽ രാജീവ് രവി, ഷൈലജ മണികണ്ഠൻ എന്നിവർ നിർമിക്കുന്ന ചിത്രത്തിൽ ശ്രുതി മേനോനാണ് നായിക. സുനിൽ സുഖദ, ജയപ്രകാശ് കുളൂർ, വിജയൻ കാരന്തൂർ, സജിത മഠത്തിൽ എന്നിവർ അഭിനയിക്കുന്നു.



വിനയ്ഫോർട്ട്

## റാണി പത്മിനി

ആഷിക് അബു സംവിധാനം ചെയ്ത റാണി പത്മിനി റിലീസിന്ഒരുങ്ങുന്നു. മഞ്ജു വാര്യരും റിമ കല്ലിങ്കലുമാണ് കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. അപരിചിതരായ രണ്ട് സ്ത്രീകൾ കൊച്ചിയിൽ നിന്നും ഹിമാചൽ പ്രദേശിലേക്ക് നടത്തുന്ന യാത്രയാണ് ചിത്രത്തിന്റെ ഇതിവൃത്തം. പി എം ഹാരിസും മുഹമ്മദ് അൽത്താഫും ചേർന്ന് നിർമ്മിച്ച ചിത്രം പോപ്കോൺ എന്റർടെയിൻമെന്റ്സാണ് തിയേറ്ററിലെത്തിക്കുക. ശ്യാം പുഷ്കരനും രവിശങ്കറും ചേർന്നാണ് തിരക്കഥ ഒരുക്കിയിട്ടുള്ളത്. സംഗീതം: ബിജിപാൽ. കാമറ: മധു നീലകണ്ഠൻ.



അടികപ്യാരെക്കൂട്ടമണി: അജു വർഗീസ്, നീരജ്മാധവ്



ടൂകൺട്രീസ്: അജുവർഗീസ്, ദിലീപ്



അപ്പുറം ബംഗാൾ ഇപ്പുറം തിരുവിതാംകൂർ : അൻസിബ, മക്ബൂൽ സൽമാൻ



പാവാട: പൃഥ്വിരാജ്, നെടുമുടിവേണു, മണിയൻപിള്ളരാജു, അനൂപ്മേനോൻ